# ക്രിസ്ത്യൻ വേൾഡ്

CHRISTIAN WORLD

ക്രൈസ്തവ മാധ്യമം

2018 ഒക്ടോബർ 1 | വാല്യം 13 | ലക്കം 10 | REG.NO:KERMAL/2006/17464 POSTAL REG. NO. KL/QN/341/2018-2020 | പേജ് 8


# ചർച്ച് ഓഫ് ഗോഡ് ജനറൽ കൺവൻഷൻ ജനുവരി 21 മുതൽ

മുളക്കുഴ: ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് 96-ാമത് ജനറൽ കൺവൻഷൻ 2019 ജനുവരി 21 മുതൽ 27 വരെ തിരുവല്ലായിലുള്ള ചർച്ച് ഓഫ് ഗോഡ് കൺവൻഷൻ സ്റ്റേഡിയത്തിൽ നടക്കുന്നതിനുള്ള ഒരുക്കങ്ങൾ ആരംഭിച്ചു.




ജനറൽ കൺവൻഷന്റെ ആദ്യ ആലോചനായോഗം ഒക്ടോബർ രണ്ടിനു അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് പാസ്റ്റർ വൈ. റെജിയുടെ അദ്ധ്യക്ഷതയിൽ സഭാ ആസ്ഥാനമായ മുളക്കുഴയിൽ നടന്നു. പാസ്റ്റർമാരായ തോമസുകുട്ടി ഏബ്രഹാം, ബാബു ചെറിയാൻ, വി.പി. തോമസ് എന്നിവർ പ്രാർത്ഥനയ്ക്ക് നേതൃത്വം കൊടുത്തു. പാസ്റ്റർ ഷിബു കെ. മാത്യു സങ്കീർത്തനം വായനയ്ക്ക് നേതൃത്വം കൊടുത്തു. സ്റ്റേറ്റ് ബിലിവേഴ്സ് ബോർഡ് സെക്രട്ടറി ബ്രദർ ജോസഫ് മറ്റത്തുകാല സ്വാഗതപ്രസംഗം നടത്തി. സ്റ്റേറ്റ് ഓവർസിയർ റവ. സി.സി. തോമസ് മുഖ്യ പ്രഭാഷണം നടത്തി. കർത്താവ് വരുമ്പോൾ പോകുക എന്നുള്ളതായിരിക്കണം നമ്മുടെ അത്യന്തികമായ ലക്ഷ്യമെന്നും, അതുകൊണ്ട് ദൈവസഭയുടെ നിലനിൽപ്പ് നമ്മുടെ ലക്ഷ്യമായിരിക്കണമെന്നും, ആയതിനായി എല്ലാവരും ഉൽസാഹിക്കണമെന്നും ഓവർസിയർ ഓർപ്പിച്ചു. പാസ്റ്റർ ക്രിസ്റ്റഫർ റ്റി. രാജു ഏവർക്കും കൃതജ്ഞത രേഖപ്പെടുത്തി. പാസ്റ്റർ ഏബ്രഹാം മാത്യുവിന്റെ ആശിർവാദത്തോടെ ആലോചനായോഗം സമാപിച്ചു. രണ്ടാമത് ആലോചനാ യോഗം നവംബർ 13നു ഉച്ചകഴിഞ്ഞ് 3 മുതൽ മുളക്കുഴ സീയോൻകുന്നിൽ നടക്കും.

2019 ജനുവരി 21നു വൈകിട്ട് 5.30 ന് നടക്കുന്ന ഉത്ഘാടന സമ്മേളനത്തിൽ സ്റ്റേറ്റ് ഓവർസീയർ റവ. സി.സി. തോമസ് കൺവൻഷൻ ഉത്ഘാടനം ചെയ്യും. എല്ലാ ദിവസവും വൈകിട്ട് പൊതുയോഗം ഉണ്ടായിരിക്കും. വൈ.പി.ഇ., സൺഡേസ്കൂൾ, എൽ.എം. സമ്മേളനം, ബൈബിൾ സ്കൂൾ ഗ്രാജുവേഷൻ, മിഷൻ സമ്മേളനങ്ങൾ, പാസ്റ്റേഴ്സ് കോൺഫ്രൻസുകൾ തുടങ്ങി വിവിധ ഡിപ്പാർട്ട്മെന്റുകളുടെ പ്രോഗ്രാമുകൾ ഉണ്ടായിരിക്കും. എല്ലാ ദിവസവും ഭക്ഷണക്രമീകരണവും ഉണ്ടായിരിക്കും. സ്വദേശത്തും വിദേശത്തുമുള്ള അനേക ദൈവദാസന്മാർ ഈ പ്രാവശ്യത്തെ കൺവൻഷനിൽ ദൈവവചനം ശുശ്രൂഷിക്കുന്നതായിരിക്കും. സ്റ്റേറ്റ് ഓവർസിയർ റവ. സി.സി. തോമസ് ജനറൽ കൺവീനറായി വിപുലമായ ക്രമീകരണങ്ങളാണ് ഈ പ്രാവിശ്യത്തെ കൺവൻഷനിൽ നടത്തി വരുന്നത്.

വാർത്ത: ചർച്ച് ഓഫ് ഗോഡ് മീഡിയാ ഡിപ്പാർട്ട്മെന്റ്

# ഐപിസി മഹാരാഷ്ട്ര സ്റ്റേറ്റ് ജോ. സെക്രട്ടറി ഉമ്മൻ ഏബ്രഹാം നിര്യാതനായി



**മുംബൈ:** ഐപിസി മഹാരാഷ്ട്ര സ്റ്റേറ്റ് ജോ. സെക്രട്ടറിയും ബഥേൽ എൻജിനീയറിംഗ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുമായ തലവടി കളീക്കൽ ഉമ്മൻ ഏബ്രഹാം (61) ഒക്ടോബർ ഒന്നിനു നിര്യാതനായി. ചില നാളുകളായി രോഗത്തെത്തുടർന്ന് മുംബൈയിലും കേരളത്തിലെ സ്വകാര്യ ആശുപത്രിയിലും ചികിത്സയിലായിരുന്നു. സംസ്കാരം നാലിനു ഐപിസി വെള്ളക്കിണർ സഭയുടെ സെമിത്തേരിയിൽ ജനറൽ സെക്രട്ടറി പാസ്റ്റർ കെ.സി. ജോണിന്റെ നേതൃത്വത്തിൽ നടത്തി. രാവിലെ ഒൻപതിനു കുമ്പനാട് ഹെബ്രോൻപുരത്ത് പൊതുദർശനത്തിനു വെച്ചു. കേരളത്തിലെയും, മഹാരാഷ്ട്രയിലെയും നിരവധി കർത്തൃശുശ്രൂഷകരും രാഷ്ട്രീയ, സാമൂഹിക, ആത്മീയ, വ്യവസായ മേഖലയിൽ ഉള്ളവരും പങ്കെടുത്തു സംസാരിച്ചു. പാസ്റ്റർമാരായ കെ.സി. തോമസ്, രാജു പൂവക്കാലാ, ഷിബു നെടുവേലിൽ, സി.സി. എബ്രഹാം, കെ.എ. മാത്യു, വി.ജെ. തോമസ്, കെ.വൈ. തോമസ്, അജു അലക്സ്, ജോസ് തോമസ്, മാത്യു എം. പുളിവേലി, ബാബു ചെറിയാൻ, സി.പി. മോനായി, പി. ജോയി, എൻ.എം. രാജു എന്നിവർ സംസാരിച്ചു.

ഡോ. അലക്സ് ജോൺ സങ്കീർത്തനം വായിച്ചു. പാസ്റ്റർമാരായ സാംകുട്ടി ചാക്കോ നിലമ്പൂർ, ജോയ് ഫിലിപ്പോസ്, ബാബു തലവടി, പി. ജോയ്, കെ.സി. സാമുവേൽ എന്നിവർ വിവിധ സ്ഥലങ്ങളിൽ ശുശ്രൂഷകൾ നിയന്ത്രിച്ചു. ഭാര്യ: കണിയാംപറമ്പിൽ ലാലി ഏബ്രഹാം. മക്കൾ: ലിജിൻ, നിസ്സി. മരുമക്കൾ: ഫിലെമോൻ കുര്യൻ, ആൻ.

# ജീവൻ പണയം വച്ചും ക്രിസ്ത്യൻ അമൂല്യ ഗ്രന്ഥങ്ങൾ സംരക്ഷിക്കുന്ന ഇറാഖി മുസ്ലിം കുടുംബം ശ്രദ്ധേയമാവുന്നു

മൊസൂൾ: സ്വജീവൻ പണയപ്പെടുത്തിക്കൊണ്ട് രണ്ട് പുരാതന അമൂല്യ സിറിയൻ ഓർത്തഡോക്സ് ക്രിസ്ത്യൻ കയ്യെഴുത്ത് പ്രതികൾ ഇസ്ലാമിക് സ്റ്റേറ്റ് തീവ്രവാദികളുടെ കൈകളിൽപ്പെടാതെ മൂന്നു വർഷത്തോളം കാത്തുസൂക്ഷിച്ച മൊസൂളിലെ മുസ്ലീം കുടുംബം മാതൃകയാകുന്നു. ഫാ. പൗലോസ് താബിത് മെക്കോ എന്ന വൈദികനാണ് ഇക്കാര്യം പുറംലോകത്തെ അറിയിച്ചത്.

നാളുകൾക്ക് മുൻപ് മൊസൂളിലെ ഒരു കൽദായ സഭാംഗം തന്നെ ബന്ധപ്പെടുകയും വർഷങ്ങളായി അദ്ദേഹത്തിന് പരിചയമുണ്ടായിരുന്ന മുസ്ലീം കുടുംബനാഥനെയും അമൂല്യഗ്രന്ഥങ്ങളെക്കുറിച്ചും തന്നോടു പറയുകയായിരുന്നുവെന്നും ഫാ. മെക്കോ വെളിപ്പെടുത്തി.

ഭക്ഷണം പാകം ചെയ്യുന്നതിനായി വിറക് അന്വേഷിച്ച് പോയ മുസ്ലീം കുടുംബനാഥൻ ലോറിയിൽ

(ശേഷം പേജ് 8)






ഷാജി വർഗീസ് ലോറൻസ് ജോസഫ് സി.പി. രാജു ആഷേർ വാക്സർ

# ഏജി നോർത്തേൺ ഡിസ്ട്രിക്ട് കോൺഫ്രൻസ്

## പാസ്റ്റർ ഷാജി വർഗീസ് സൂപ്രണ്ട്, പാസ്റ്റർ സി.പി. രാജു സെക്രട്ടറി

**ലെക്നോ:** ഏജി നോർത്തേൺ ഡിസ്ട്രിക്ട് കൗൺസിൽ പതിമൂന്നാമതു ദിവത്സര വാർഷിക കോൺഫ്രൻസ് സെപ്റ്റംബർ 26,27 തീയതികളിൽ ഡയമണ്ട് റിസോർട്ടിൽ നടന്നു. പാസ്റ്റർ പാപ്പി മത്തായി ഉദ്ഘാടനം ചെയ്തു. പാസ്റ്റർമാരായ റോബർട്ട് ജയരാജ്, രാജൻ ഫിലിപ്പ്, സുഭാഷ് കിക്ര് എന്നിവർ പ്രസംഗിച്ചു. പാസ്റ്റർ സി.പി. രാജു, ഡോ. ഏബ്രഹാം വർഗീസ് തുടങ്ങിയവർ വിവിധ യോഗങ്ങളിൽ അധ്യക്ഷത വഹിച്ചു.

ഡിസ്ട്രിക്ട് കൗൺസിൽ സൂപ്രണ്ടായി പാസ്റ്റർ ഷാജി വർഗീസും സെക്രട്ടറിയായി പാസ്റ്റർ സി.പി. രാജുവും തിരഞ്ഞെടുക്കപ്പെട്ടു. പാസ്റ്റർമാരായ ലോറൻസ് ജോസഫ് (അസി. സൂപ്രണ്ട്), ആഷേർ വാക്സർ (ട്രഷറർ), ബർന്നബാസ് സോരൻ, കല്യാൺ കുമാർ (കമ്മറ്റിയംഗങ്ങൾ) എന്നിവരാണു ഭാരവാഹികൾ.

*സി.പി. രാജു, അലഹബാദ്*

# ഇപിപിഎഫ് ലോഗോസ് ഫെസ്റ്റ് നവംബർ ആറിന്

**കോട്ടയം:** എംപ്ലോയീസ് ആൻഡ് പ്രൊഫഷണൽസ് പ്രെയർ ഫെലോഷിപ്പിന്റെ 26-ാമതു സംസ്ഥാന വാർഷികം'ലോഗോസ് ഫെസ്റ്റ് 2018' കോട്ടയം മാർത്തോമ്മാ സെമിനാരി ഹയർ സെക്കൻഡറി സ്കൂൾ ഓഡിറ്റോറിയത്തിൽ നവംബർ ആറിനു രാവിലെ 9.30 മുതൽ വൈകുന്നേരം നാലുവരെ നടക്കുന്നതാണ്. ഇമ്മാനുവേൽ മിഷൻ ഇന്റർനാഷണൽ പ്രസിഡന്റ് ഡോ. സാമുവേൽ തോമസ് (കോട്ട), മിഷൻസ് ഇന്ത്യ ജനറൽ സെക്രട്ടറി ബ്രദർ ജോർജ് ചെറിയാൻ എന്നിവർ പ്രസംഗിക്കും. ഇപിപിഎഫ് ഓണററി പ്രസിഡന്റ് റവ. മാത്യു സ്കറിയയുടെ അധ്യക്ഷതയിൽ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പൊലീസ് ശ്രീ. ജി. സ്പർജൻ കുമാർ ഉദ്ഘാടനം ചെയ്യും. പ്രശസ്ത ഗായകൻ മാത്യു ജോണും ഇപിപിഎഫ് ക്വയറും ഗാനങ്ങൾ ആലപിക്കും. ജനറൽ സെക്രട്ടറി ഇവാ. എം.സി. കുര്യൻ, ട്രഷറർ പി.വി. വർഗീസ് തുടങ്ങിയവർ നേതൃത്വം നൽകും. തിരുവചനസ്നേഹികൾക്കും നാനാതുറകളിൽ സേവനമനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥർക്കും ജോലിയിൽനിന്നു വിരമിച്ചവർക്കും പങ്കെടുക്കാം. വിവരങ്ങൾക്ക് 9349503660 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

# അബുദബി ഭൂമിയിലെ ഏറ്റവും സുരക്ഷിത നഗരം

അബുദാബി: ഭൂമിയിലെ ഏറ്റവും സുരക്ഷിത നഗരമായി അബൂദബിയെ തെരഞ്ഞെടുത്തു. ന്യൂമ്പിയോ വെബ്സൈറ്റ് പ്രസിദ്ധീകരിച്ച സുരക്ഷിത നഗര സൂചികയിലാണ് ഏറ്റവും സുരക്ഷയുള്ള നഗരമായി അബൂദബി തെരഞ്ഞെടുക്കപ്പെട്ടത്. അബൂദബി മുൻനിരയിൽ ഇടം പിടിച്ചപ്പോൾ ദുബൈ 11-ാം സ്ഥാനം നേടി.

തുടർച്ചയായ രണ്ടാം വർഷമാണ് അബൂദബി ഈ അംഗീകാരം നേടുന്നത്.



മൊത്തം 338 നഗരങ്ങളുടെ പട്ടികയാണ് വെബ്സൈറ്റ് പ്രസിദ്ധീകരിച്ചത്. കുറഞ്ഞ കുറ്റകൃത്യങ്ങൾക്ക് പുറമെ ജീവിതച്ചെലവ്, മലിനീകരണം, യാത്രാചെലവ്, ജീവിതനിലവാരം തുടങ്ങിയ കാര്യങ്ങളും സൂചികയിൽ പരിഗണിച്ചു.

ഇന്ത്യൻ നഗരങ്ങളായ മംഗലാപുരം 30, കൊച്ചി 86 സ്ഥാനങ്ങളിൽ എത്തിയ ഇന്ത്യൻ നഗരങ്ങൾ ആണ്.

ക്രിസ്ത്യൻ വേൾഡ്
1194 കന്നി - തുലാം



# സോദോമ്യപാപത്തിലേക്കോ?

സ്വവർഗഭോഗത്തിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് ലോത്തിന്റെ കാലത്തു നടന്ന സോദോമ്യപാപം. മനുഷ്യന്റെ പാപം ദൈവത്തിനു സഹിക്കാൻ കഴിയുന്നതിലും വലിയ വഷളത്വത്തിലേക്കു മാറിയപ്പോൾ ദൈവം ആ ദേശത്തെ നശിപ്പിക്കാൻ രണ്ടു ദൂതന്മാരെ അവിടേക്ക് അയയ്ക്കുന്നു. എന്നാൽ അവിടെയുള്ള പുരുഷന്മാർ ഈ ദൂതന്മാരെയും ഭോഗിക്കേണ്ടതിനു വീടു വളയുന്നു. അത്രമാത്രം പാപം അതിന്റെ മൂർധന്യാവസ്ഥയിൽ എത്തിയിരുന്ന കാലമായിരുന്നു ലോത്തിന്റേത്.

ഇന്നും ആ കാലത്തെ വെല്ലുന്ന പാപാന്ധകാരയുഗത്തിൽ നാം എത്തപ്പെട്ടിരിക്കുന്നു! മറ്റു പല രാജ്യങ്ങളിലും സ്വവർഗ വിവാഹം അനുവദിക്കണമെന്ന് മുറവിളികൂട്ടുന്ന കാഴ്ച നാം വർഷങ്ങൾക്കു മുമ്പ് കാണുകയും കേൾക്കുകയും ചെയ്തിരുന്നു. എന്നാൽ, നമ്മുടെ രാജ്യത്തും ഇത്ര പെട്ടെന്നു ആ അവസ്ഥ സംജാതമാകുമെന്ന് ആരും ഒരുപക്ഷെ കരുതിയിട്ടുണ്ടാവില്ല.

സെപ്റ്റംബർ 6നു ഉഭയസമ്മതപ്രകാരമുള്ള സ്വവർഗ ലൈംഗികത ക്രിമിനൽ കുറ്റമായി കണക്കാക്കുന്ന ഇന്ത്യൻ ശിക്ഷാനിയമത്തിലെ 377-ാം വകുപ്പിലെ 16-ാം അധ്യായം ഭരണഘടനാ വിരുദ്ധമാണെന്നു സുപ്രീം കോടതി വിധിച്ചു. ഈ വിധി ക്രിസ്തീയ വിശ്വാസികൾക്കിടിയിൽ ഒത്തിരി ആശങ്കകളും സംശയങ്ങൾക്കും വഴിതെളിച്ചു. അനുകൂലിച്ചും പ്രതികൂലിച്ചും നിരവധി പേർ രംഗത്ത് വന്നു.

തുടർന്ന് വിവാഹേതരബന്ധം ക്രിമിനൽ കുറ്റമാക്കുന്ന ഐപിസി 497-ാം വകുപ്പ് റദ്ദാക്കണമെന്ന് ആവശ്യപ്പെട്ട് ഒരു മലയാളി സമർപ്പിച്ച ഹർജിയാണ് സുപ്രീംകോടതി വിധിയിലൂടെ ക്രൈസ്തവവിശ്വാസികൾക്ക് ഞെട്ടലുളവാക്കിയിരിക്കുന്നത്. 158 വർഷം പഴക്കമുള്ളതാണ് ഐപിസി സെക്ഷൻ 497. വിവാഹേതരബന്ധം ക്രിമിനൽ കുറ്റമല്ലെന്നും വിവാഹജീവിതത്തിൽ സ്ത്രീക്കും പുരുഷനും തുല്യഅധികാരമാണുള്ളതെന്നും സുപ്രീം കോടതി നിരീക്ഷിച്ചു.

ക്രൈസ്തവനിരീക്ഷണത്തിൽ ഇത് തീർത്തും തെറ്റാണ്. കാരണം ബൈബിൾ പഠിപ്പിക്കുന്നത് സ്ത്രീയും പുരുഷനും ക്രിസ്തുവിൽ ഒന്നാണെന്നും എന്നാൽ, സ്ത്രീയുടെ തല പുരുഷനും, പുരുഷന്റെ തല ക്രിസ്തുവുമാണെന്നാണ്. ഭാര്യ ഭർത്താവിനു അടിമയല്ല. എന്നാൽ സകലത്തിലും കീഴ്പ്പെട്ടിരിക്കണമെന്ന് ബൈബിൾ വ്യക്തമാക്കുന്നു. ഒരു യഥാർഥ ക്രൈസ്തവവിശ്വാസിക്ക് ഇത്തരം വിധികളെക്കാൾ പ്രാമുഖ്യം ദൈവവചനത്തിനു തന്നെയായിരിക്കും എന്നതിനു സംശയമില്ല.

പൗലൊസ് തന്റെ ലേഖനത്തിൽ എഴുതുന്നു, “ദുർന്നടപ്പു നിമിത്തം ഓരോരുത്തന്നു സ്വന്തഭാര്യയും ഓരോരുത്തിക്കു സ്വന്തഭർത്താവും ഉണ്ടായിരിക്കട്ടെ. ഭർത്താവു ഭാര്യക്കും ഭാര്യ ഭർത്താവിനും കടപ്പെട്ടിരിക്കുന്നതു ചെയ്യട്ടെ. ഭാര്യയുടെ ശരീരത്തിന്മേൽ അവൾക്കല്ല ഭർത്താവിനത്രേ അധികാരമുള്ളത്; അങ്ങനെ ഭർത്താവിന്റെ ശരീരത്തിന്മേൽ അവനല്ല ഭാര്യയ്ക്കത്രേ അധികാരം”. സമാധാനവും സന്തോഷവും കാംക്ഷിക്കുന്നവർ പരസ്പരം സ്നേഹിച്ചും ക്ഷമിച്ചും കുടുംബജീവിതം സന്തോഷകരമാക്കുവാൻ ശ്രമിക്കുക. സൃഷ്ടികർത്താവായ ദൈവം മനുഷ്യനെ സൃഷ്ടിച്ചതിന്റെ ഉദ്ദേശ്യം മനസ്സിലാക്കി ദൈവകൃപയിൽ കുടുംബജീവിതം മുന്നോട്ടു നയിക്കുവാൻ ദൈവം സഹായിക്കട്ടെ.

ഇതിലെ ലേഖനങ്ങളുടെ ഉത്തരവാദിത്വം എഴുത്തുകാർക്കു മാത്രമാണ്.

# സ്വപ്നത്തിന്റെ പൊരുൾ



റവ. ഡോ. ഇട്ടി ഏബ്രഹാം

## ശിരസ്സിലെ തങ്കം

സ്വപ്നത്തിലെ ശിരസ്സിലെ തങ്കം ബാബേലിനെ പ്രതിനിധീകരിക്കുന്നു. സ്വർണ്ണ സമ്പത്തിൽ ബാബിലോണിയർ മുന്നിലായിരുന്നു. നെബൂഖദ്നേസറിന്റെ മരണശേഷം ഒരു പുരാതന ചരിത്രകാരൻ രേഖപ്പെടുത്തിയിരിക്കുന്നത് ബാബേലിൽ കണ്ടതിന്റെ അത്ര സ്വർണ്ണം താൻ മറ്റൊരിടത്തും കണ്ടിട്ടില്ലായെന്നത്രെ! ബെലസ് എന്ന ക്ഷേത്രത്തിൽ തങ്കം കൊണ്ടുള്ള 18 അടിയോളമുള്ള മനുഷ്യബിംബങ്ങൾ ഉണ്ടായിരുന്നു.

അതുപോലെതന്നെ രണ്ട് സ്വർണ്ണ സിംഹങ്ങളും ഇസ്താർ ദേവിയുടെ സ്വർണ്ണംകൊണ്ടുള്ള രൂപവും ഉണ്ടായിരുന്നു. ക്ഷേത്രത്തിന്റെ അകത്ത് 40 അടിയോളം നീണ്ട ഒരു സ്വർണ്ണമേശയും ഉണ്ടായിരുന്നു. മതപരമായ മൂന്നു രൂപങ്ങൾ അതിൽ സ്ഥാപിച്ചിരുന്നു. പതിനായിരം പൗണ്ട് തൂക്കമുള്ള സ്വർണ്ണമായിരുന്നു അതിന്റെ മൊത്തത്തിലുള്ള തൂക്കം. ഇതിൽ അതിശയിക്കാനില്ല, ബാബിലോൺ അറിയപ്പെട്ടത് സുവർണ്ണ നഗരി എന്നായിരുന്നു.

## വെള്ളികൊണ്ടുള്ള നെഞ്ചും കൈകളും

രണ്ടാമത്തെ സാമ്രാജ്യം മേദ്യ-പേർഷ്യ എന്നറിയപ്പെട്ടു. ബിംബത്തിനു വെള്ളി കൊണ്ടുള്ള നെഞ്ചും കൈകളും ഉണ്ടായിരുന്നു. മേദ്യ-പേർഷ്യയെ പ്രതിനിധീകരിക്കുന്ന ഈ സാമ്രാജ്യം നിലവിൽ വന്നപ്പോൾ യഹൂദന്മാർ ഇസ്രായേലിലേക്ക് മടങ്ങുകയും അവരുടെ ഭവനങ്ങളും ദൈവാലയവും പുനർനിർമ്മിക്കയും ചെയ്തു. പേർഷ്യക്കാർക്ക് വെള്ളി വളരെ വിലപ്പെട്ടതാണ്. വെള്ളിയായിരുന്നു നികുതി പണമായി പിരിച്ചത്.

## പിച്ചളകൊണ്ടുള്ള തുടകൾ

മഹാനായ അലക്സാണ്ടറുടേതാണ് മൂന്നാമത്തെ സാമ്രാജ്യം. ഗ്രീക്ക് പട്ടാളം പിച്ചള കൊണ്ടുള്ള ആയുധമാണ് കൂടുതലും ഉപയോഗിച്ചത്. അവരുടെ ശിരസ്ത്രങ്ങളും ആയുധങ്ങളും നിർമ്മിച്ചത് പിച്ചള കൊണ്ടായിരുന്നു. ഗ്രീക്ക് ഭരണാധികാരിയായ ആന്റിയോക്കസ് എപ്പിഫാനിസ് യെരുശലേം ദൈവാലയം വിജാതീയ വിഗ്രഹങ്ങൾ കൊണ്ട് നിറയ്ക്കുകയും പന്നിയെ അറുത്ത് ബലി കൊടുത്തുകൊണ്ട് ദൈവാലയത്തെ അശുദ്ധമാക്കുകയും ചെയ്തു.

> **രാജാവ് കണ്ട സ്വപ്നത്തിലെ ഇരുമ്പുകൊണ്ടുള്ള രണ്ടു കാലുകൾ ക്രമേണ കളിമണ്ണായി മാറുന്നതും രാജാവ് കണ്ടു. റോമും തുർക്കിയും എന്ന പൗരസ്ത്യ പാശ്ചാത്യ ശക്തികൾ ഒന്നിക്കുന്നതാണ് രാജാവ് കണ്ട സ്വപ്നത്തിന്റെ പൊരുൾ.**

## ഇരുമ്പുകൊണ്ടുള്ള കാലുകൾ

ഗ്രീക്കുകാർക്കു ശേഷം വന്ന റോമാക്കാർ ഇരുമ്പ് ലോഹം കൂടുതൽ ഉപയോഗിച്ചിരുന്നു. ഇരുമ്പ് റോമാസാമ്രാജ്യത്തെ പ്രതിനിധീകരിക്കുന്നു.

ഇരുമ്പിന് രണ്ട് അർത്ഥമുണ്ട്. ആയുധങ്ങളും ഇരുമ്പ് രഥങ്ങളും റോമാക്കാർ കൂടുതൽ ഉപയോഗിച്ചു. ഇരുമ്പു യുദ്ധത്തെ പ്രതീകവത്ക്കരിക്കുന്നു.

രാജാവ് കണ്ട സ്വപ്നത്തിലെ ബിംബത്തിന്റെ കാലുകൾ ഇരുമ്പും കളിമണ്ണും കൂടി കലർന്ന മിശ്രിതമാണ്.

ദാനിയേൽ 2: 41-42: “കാലും കാൽ വിരലും പാതി കളിമണ്ണും പാതി ഇരുമ്പു കൊണ്ടുള്ളതായി കണ്ടതിന്റെ താൽപര്യമോ: അതു ഒരു ഭിന്നരാജത്വം ആയിരിക്കും. എങ്കിലും ഇരുമ്പും കളിമണ്ണും ഇടകലർന്നതായി കണ്ടതുപോലെ അതിൽ ഇരുമ്പിനുള്ള ബലം കുറെ ഉണ്ടായിരിക്കും. കാൽവിരൽ പാതി ഇരുമ്പും പാതി കളിമണ്ണും കൊണ്ടായിരുന്നതുപോലെ രാജത്വം ഒട്ടും ബലമുള്ളതും ഒട്ടും ഉടഞ്ഞുപോകുന്നതും ആയിരിക്കും.”

ലോഹങ്ങൾ വിലയിൽ ചെറുതും ശക്തിയിൽ ബലഹീനവും ആണ്. രാജാവ് കണ്ട സ്വപ്നത്തിലെ ഇരുമ്പുകൊണ്ടുള്ള രണ്ടു കാലുകൾ ക്രമേണ കളിമണ്ണായി മാറുന്നതും രാജാവ് കണ്ടു. റോമും തുർക്കിയും എന്ന പൗരസ്ത്യ പാശ്ചാത്യ ശക്തികൾ ഒന്നിക്കുന്നതാണ് രാജാവ് കണ്ട സ്വപ്നത്തിന്റെ പൊരുൾ.

ആയുധ നിർമ്മാണത്തിന് ഉപയോഗിക്കുന്ന ഇരുമ്പിനെക്കുറിച്ച് 95 പ്രാവശ്യം പഴയ നിയമത്തിൽ പരാമർശിച്ചിരുന്നു. ഇരുമ്പ് ശക്തിയെയും യുദ്ധത്തെയും കാണിക്കുന്നു. ഇംഗ്ലീഷ് ബൈബിളിൽ 26 പ്രാവശ്യം കളിമണ്ണ് പരാമർശിക്കപ്പെട്ടിട്ടുണ്ട്. കളിമണ്ണ് കൊണ്ടുള്ള കാൽപ്പാദത്തെക്കുറിച്ചാണ് ദാനിയേലിന്റെ പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

## കത്തുകൾ

ക്രിസ്ത്യൻ വേൾഡ് മാസിക വളരെ നന്നായിരിക്കുന്നു. റവ. ഡോ. ഇട്ടി ഏബ്രഹാമിന്റെ ദാനിയേലിന്റെ പുസ്തകത്തിൽ നിന്നുമുള്ള ലേഖനം വളരെ പഠനാർഹമാണ്. ഓരോ ലക്കവും ഞാൻ മുടങ്ങാതെ വായിക്കുന്നുണ്ട്. അതുപോലെ തന്നെ മറ്റ് എല്ലാ ലേഖനങ്ങളും ഒന്നിനൊന്ന് മെച്ചമാണ്. വായനക്കാർക്ക് അനുഗ്രഹപ്രദമായ ധാരാളം പംക്തികൾ ഇനിയും പ്രതീക്ഷിക്കുന്നു. ബൈബിൾ ക്വിസ് പംക്തി വളരെ പ്രയോജനകരമാണ്. പ്രവർത്തനങ്ങളെ ദൈവം അനുഗ്രഹിക്കട്ടെ.

**ജെസ്സിൻ തോമസ്**
**കോട്ടയം**

ക്രിസ്ത്യൻ വേൾഡ് മാസിക ലഭിക്കുന്നുണ്ട്. എന്നാൽ പലപ്പോഴും കൃത്യസമയത്ത് ലഭിക്കുന്നില്ലെന്നത് ഒരു പോരായ്മയാണ്. പ്രിയ പത്രാധിപർ ആ പ്രശ്നം പരിഹരിക്കുമെന്ന് വിചാരിക്കുന്നു. നിങ്ങളുടെ പ്രവർത്തനങ്ങളെ ഓർത്ത് ഞങ്ങൾ പ്രാർഥിക്കുന്നു. ദൈവം അനുഗ്രഹിക്കട്ടെ.

**യേശുദാസ്**
**തിരുവനന്തപുരം**

ആത്മീയജീവിതത്തിനും ദൈനംദിനജീവിതത്തിനും വളരെ പ്രയോജനകരമായ കാര്യങ്ങൾ ഉള്ളടക്കം ചെയ്തിരിക്കുന്ന നല്ല മാസിക. അടുത്ത ലക്കത്തിനായി കാത്തിരിക്കുന്നു.

**ജോഷ്വാ ജെ. ഫിലിപ്പ്**
**ഗുജറാത്ത്**

EDITORIAL BOARD

Chief Editor : Reji Philip
Managing Editor : Sam T. Mukathala
Editor : D. Kunjumon Pothancode
Circulation Manager : Reji P. Paul

വാർഷിക വരിസംഖ്യ
120 രൂപ

പരസ്യനിരക്ക്
ഫുൾ പേജ് 10,000 രൂപ. ഹാഫ് പേജ് 5000 രൂപ
കോളം സെ. മീ. 70 രൂപ
വിവാഹപരസ്യം 500 രൂപ

എല്ലാ മാസവും ഒന്നാം തീയതി പ്രസിദ്ധീകരിക്കുന്നു

വിലാസം
Christian World, Manganam P.O.,
Kottayam- 686 018, Kerala
Email:christianworldpathram@gmail.com
Ph: 8330079637
Ac No: 57002802965
SBI Manganam Branch IFS Code: SBIN 0070471



ബിനു വടക്കുംചേരി

# യാത്ര അശ്രദ്ധമായാൽ



നാം യാത്ര ചെയ്യേണ്ടതു വളരെ കരുതിയായിരിക്കണം. വലതു വശത്തു കൂടെ നടക്കുക, കയ്യും തലയും പുറത്തിടരുത്, എന്നിത്യാദി ട്രാഫിക് നിയമങ്ങൾ നാം അനുസരിക്കണം. നിയമങ്ങൾ അറിയില്ല എന്നത് അംഗീകരിക്കാവുന്ന തെറ്റല്ല. അപ്പോൾ തന്നെ പോക്കറ്റടി സൂക്ഷിക്കണം എന്നതിൽ ജാഗ്രതയുണ്ടാവണം. നമ്മുടെ അശ്രദ്ധ മൂലമാണ് യാത്രയിൽ പലവിധ നഷ്ടങ്ങൾ ഉണ്ടാകുന്നത്. അതിന് ചില ഉദാഹരണങ്ങൾ അനുഭവ-വെളിച്ചത്തിൽ നിങ്ങളുമായി പങ്കുവെക്കുവാൻ താല്പര്യപ്പെടുന്നു.

ഒരിക്കൽ ഞാൻ വളരെ അത്യാവശ്യ കാര്യത്തിനായി പാലക്കാടുവരെ പോകേണ്ടതായി വന്നു. അരമണിക്കൂർ കൊണ്ട് വടക്കൻചേരിയിൽ നിന്നും പാലക്കാട് എത്തേണ്ടതുണ്ട്. ബസ്സിൽ പോയാൽ ഒരു മണിക്കൂർ സമയം എടുക്കുമെന്നതിനാൽ കൂട്ടുകാരനുമൊത്തു ബൈക്കിൽ യാത്ര ചെയ്യുവാൻ തീരുമാനിച്ചു. ഞങ്ങളുടെ വേഗത റോഡിലെ ഹമ്പുകളെ നോക്കി പുച്ഛിക്കുവാൻ തുടങ്ങി. പക്ഷെ ഒരു വലിയ ഹമ്പിൽ എത്തിയപ്പോൾ ഹമ്പിനോടൊപ്പം എന്റെ മൊബൈൽ ഫോണും ചാടി.... അല്പം വേഗത കുറച്ചു ശ്രദ്ധിച്ച് ബൈക്ക് ഓടിച്ചിരുന്നെങ്കിൽ എനിക്ക് മൊബൈൽ നഷ്ടമാകുകയില്ലായിരുന്നു.

കുട്ടിക്കാലത്ത് പപ്പയോടൊപ്പം സ്കൂട്ടറിൽ യാത്ര ചെയ്തത് മറ്റൊരു അനുഭവം. പതിവ് പോലെ ഞായറാഴ്ച പള്ളിയിൽ പോയിട്ട് തിരികെ വരുന്നവഴി ഇറച്ചിയും വാങ്ങി ഞങ്ങൾ വീട്ടിലേക്ക് യാത്ര പുറപ്പെട്ടു. കേരളത്തിലെ റോഡുകളിൽ പതിവായി കാണാറുള്ള ഗട്ടറുകളുടെ അകമ്പടിയോടെ ദുരിതം നിറഞ്ഞ യാത്രയായിരുന്നു. അങ്ങനെ ഒരു കണക്കിനു വീട്ടിൽ എത്തി. സ്കൂട്ടറിൽ കൊളുത്തിയ ഇറച്ചിയെടുക്കാനായി ഞാൻ നോക്കിയപ്പോൾ അവിടെ കാലിയായ കവർ മാത്രമേ കണ്ടുള്ളൂ. ഗട്ടറിൽ ചാടുന്നതിനിടയിൽ ഇറച്ചി നഷ്ടപ്പെട്ടതിനാൽ ആ ഞായറാഴ്ച 'Vegiterian' ആയി.

മറ്റൊരു അനുഭവം അങ്കിളുമൊത്തുള്ള യാത്രക്കിടയിലാണ്. അച്ഛനായ സന്തോഷം ബന്ധുമിത്രാദികളുമായി പങ്കിടുവാൻ ബേക്കറിയിൽ നിന്നും കുറേ മധുരപലഹാരങ്ങൾ വാങ്ങി കാറിന്റെ പിൻസീറ്റിൽ വച്ചു. 1988 മോഡൽ അംബാസിഡർ കാറായിരുന്നു അത്. Matador ന്റെ എഞ്ചിൻ ഘടിപ്പിച്ച കാർ നല്ല കുതിപ്പനാണെങ്കിലും ബോഡി പഴയതായിരുന്നു. ഞങ്ങൾ യാത്ര ആരംഭിച്ചു. കിതക്കാതെ കുതിക്കുന്ന ഞങ്ങളുടെ അംബാസിഡർ, ആഡംബര കാറുകളെ പിന്നിലാക്കി നിരത്തിലെ രാജാവായി. പക്ഷെ ഇതിനിടയിൽ വലിയൊരു വളവ് വന്നപ്പോൾ പിൻസീറ്റിലെ ഉറപ്പില്ലാത്ത ഡോർ തനിയെ തുറക്കുകയും അടയുകയും ചെയ്തു. എല്ലാം ഓട്ടോമാറ്റിക് ആണെന്ന് അങ്കിൾ തമാശിച്ചെങ്കിലും ഡോർ തനിയെ തുറന്ന് അടയുന്നതിനിടയിൽ ഞങ്ങൾ വാങ്ങിയ കേക്കും മറ്റ് മധുരപലഹാരങ്ങളും നഷ്ടപ്പെട്ടത് വീട്ടിലെത്തിയപ്പോഴാണ് അറിയുന്നത്.

ഏറ്റവും ഒടുവിൽ ഞാൻ ദുബായിൽ ചെന്നപ്പോൾ ഉണ്ടായ ഒരു സംഭവംകൂടി ചേർക്കട്ടെ. ഓരോ സ്ഥലങ്ങളേയും പരിചയപ്പെടുത്തികൊണ്ട് ഷെയ്ക്ക് സായിദ് റോഡിലൂടെ അളിയനുമൊത്ത് ഒരു യാത്ര. ഞങ്ങളുടെ സംസാരത്തിൽ ഒരു 'EXIT' വിട്ടുപോയി. ട്രാഫിക് പ്രോബ്ലം ഏറെയുള്ള ആ റോഡിൽ കറങ്ങി തിരിഞ്ഞ് പോകേണ്ടതായ വഴിയിൽ തിരിച്ചെത്തുവാൻ സമയം ഏറെ എടുക്കുകയും അത്രയും ഇന്ധനം നഷ്ടമാകുകയും ചെയ്തു.

ഈ ലോകത്ത് നമ്മുടെ ആത്മീയ യാത്രക്കിടയിലും ചില ഹമ്പുകൾ, ഗട്ടറുകൾ, വളവും-തിരിവും കടന്നുവന്നേക്കാം. എന്നാൽ ഇത്തരം സന്ദർഭങ്ങളിൽ നാം വളരെ കരുതലോടെ യാത്ര ചെയ്തില്ലെങ്കിൽ നമ്മിലെ ആത്മീയ നന്മകൾ ചോർന്നു പോകുവാൻ സാദ്ധ്യതയുണ്ട്. നമ്മുടെ അശ്രദ്ധമൂലം നിത്യതയിലേക്കുള്ള 'EXIT' വിട്ടുപോയാൽ പിന്നീട് തിരിച്ചെത്തുവാൻ വലിയ വില കൊടുക്കേണ്ടി വരും.

ദൈവീക നിയമങ്ങൾ കാറ്റിൽ പറത്തുന്ന ആത്മീയത്തിലെ പോക്കറ്റടിക്കാരായ ദുരുപദേശകരെ സൂക്ഷിക്കണം. എതിരുകൾ വളരെ സഖികളിൽ അധികം, വഴിയതു ദൂരം ബഹുവിധ തടസ്സം നേരിട്ടാലും നമ്മുടെ യാത്ര ക്രൂശിനെ ലക്ഷ്യം വെച്ചു തന്നെയായിരിക്കട്ടെ!

നിത്യതയിലേക്കുള്ള ആത്മീയ തീർത്ഥാടനം നഷ്ടങ്ങളില്ലാത്ത യാത്രയായിരിക്കട്ടെ എന്ന് ആശംസിക്കുന്നു. ഏവർക്കും ശുഭ യാത്ര!!!

# Bible QUIZ ക്രിസ്ത്യൻ വേൾഡ് ബൈബിൾ ക്വിസ് 2

1. യഹോവയുടെ പെട്ടകത്തിനു മുമ്പാകെ തലയിൽ മണ്ണു വാരിയിട്ടുകൊണ്ട് സാഷ്ടാംഗം വീണുകിടന്നവനാര്?
2. ജനനത്തിനു മുമ്പ് ജനിക്കുമെന്ന് രേഖപ്പെടുത്തിയ പ്രഥമവ്യക്തി?
3. നീ ഞങ്ങളുടെ ഇടയിൽ ദൈവത്തിന്റെ ഒരു പ്രഭുവാകുന്നു. ആർ ആരോടു പറഞ്ഞു?
4. അപ്പന്റെ വീട്ടിൽ ഞങ്ങൾക്ക് ഇനി ഓഹരിയും അവകാശവും ഉണ്ടോ? പറഞ്ഞതാര്?
5. വൈധവ്യവസ്ത്രം മാറ്റിവെച്ച് മൂടുപടം ധരിച്ച് ഗോപുര വാതിൽക്കൽ ഇരുന്നവൻ ആര്?
6. ഏതു യാഗത്തിലാണ് കുന്തിരിക്കം ഉപയോഗിക്കുന്നത്?
7. യഹോവയുടെ സന്നിധിയിൽ നിന്നും തീ പുറപ്പെട്ട് ദഹിപ്പിച്ച പുരോഹിതപുത്രന്മാർ ആരെല്ലാം?
8. യിസ്രായേൽമക്കൾ കൈവശമാക്കുവാൻ ചെന്ന ദേശത്ത് എത്ര ജാതികളെ ദൈവം നീക്കിക്കളഞ്ഞു.
9. ഏറ്റവും കൂടുതൽ കാലം യിസ്രായേലിനു ന്യായപാലനം ചെയ്തവൻ ആര്?
10. ഭർത്താവിന്റെ മരണവാർത്ത കേട്ടു വ്യസനിച്ചു മരിച്ചവൾ ആര്?
11. മരണഭീതി നീങ്ങിപ്പോയി എന്നു പറഞ്ഞ് സന്തോഷത്തോടുകൂടി മരിക്കേണ്ടിവന്നവൻ ആര്?
12. സ്വന്തപ്രാണനെ ഉപേക്ഷിച്ച് വെള്ളത്തിനു പോയ മൂവരിൽ തലവൻ ആര്?
13. രെഹബെയാമിന്റെ കാലത്ത് യഹോവയുടെ ആലയം കൊള്ളടയിച്ച മിസ്രയീം രാജാവാര്?
14. മുപ്പതുപേരിൽ വീരനും മുപ്പതുപേർക്ക് നായകനുമായിരുന്ന ഗിബെയോന്യൻ ആര്?
15. തന്റെ കഷ്ടകാലത്തുംകൂടെ യഹോവയോട് അധികം ദ്രോഹം ചെയ്തവൻ ആര്?
16. സൗന്ദര്യപൂർത്തി എന്നും സർവമഹിതലമോദം എന്നും വിളിച്ചുവന്ന നഗരം ഏത്?

താൻ മഹാൻ എന്നു നടിച്ച് ഏകദേശം 400 പുരുഷന്മാരെ തന്നോടു ചേർത്തവൻ ആര്?

18. യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയ്ക്ക് മുമ്പ് നടക്കുന്ന ആദ്യസംഭവം ഏത്?
19. പൗലൊസ് അപ്പൊസ്തലൻ പുതപ്പും പുസ്തകവും വിശേഷാൽ ചർമലിഖിതവും വെച്ചേച്ച് പോന്നത് ആരുടെ പക്കൽ ആണ്?
20. സ്ത്രീകളുടെ മുടിപോലെ മുടിയും സിംഹത്തിന്റെ പല്ലു പോലുള്ള പല്ലും ഉള്ള ജീവി ഏത്?

| | |
|---|---|
| ഒന്നാം സമ്മാനം | 1000 രൂപ |
| രണ്ടാം സമ്മാനം | 700 രൂപ |
| മൂന്നാം സമ്മാനം | 500 രൂപ |

കൂടുതൽ പേർ വിജയികളായാൽ നറുക്കെടുപ്പിലൂടെ വിജയികളെ കണ്ടെത്തുന്നതാണ്.
ശരിയുത്തരം **ഒക്ടോബർ 25നു** മുമ്പായി ഓഫീസിൽ ലഭിക്കത്തക്ക വിധത്തിൽ താഴെക്കാണുന്ന വിലാസത്തിലോ ഇ-മെയിലിലോ അയയ്ക്കുക.

**ക്രിസ്ത്യൻ വേൾഡ്**
**മാങ്ങാനം പി.ഓ., കോട്ടയം - 686 018**
**കോട്ടയം, കേരളം**
**cwbq2018@gmail.com**

## ബൈബിൾ ക്വിസ് 1-ന്റെ ഉത്തരം

1 നീലനൂൽ (പുറപ്പാട് 28:31)
2 മാണിക്യം, നീലക്കല്ല്, വജ്രം (പുറപ്പാട് 39:11)
3 രക്തപ്രിയവും വഞ്ജനയും ഉള്ളവർ (സങ്കീർത്തനം 55:23)
4 ഞെരുക്കം (സദൃശ്യവാക്യങ്ങൾ 14 :23)
5 കോരസീൻ, ബേത്ത് സയീദ (ലൂക്കോസ് 10:13)
6 18 (ലൂക്കൊസ് 13:4)
7 യാക്കോബിന്റെ ഉറവ് (യോഹന്നാൻ 4:5,6)
8 വിശ്വസിച്ചവരുടെ കൂട്ടം (അപ്പൊ. പ്രവൃ. 4:32)
9 സൈപ്രസ് (അപ്പൊ. പ്രവൃ. 4:36)
10 വീഞ്ഞ് (സഭാപ്രസംഗി 10:19)
11 ശലോമോന് (ഉത്തമഗീതം 8:11)
12 നെബുഖദ്നേസർ (യിരെമ്യാവ് 46:13)
13 അഞ്ജാത ദേവന് എന്ന് എഴുത്തുള്ള ഒരു വേദിക്കല്ല് (അപ്പൊ. പ്രവൃ. 17:23)
14 കോപവും, ക്രോധവും (റോമർ 2:8)
15 അപ്പൊല്ലോസ് (1 കൊരിന്ത്യർ 3:6)
16 തേജസ്സേറിയത് (2 കൊരിന്ത്യർ 3:9)
17 ദൈവഹിതപ്രകാരമുള്ള ദുഃഖം (2 കൊരിന്ത്യർ 7:10)
18 സ്ഫടിക സ്വച്ഛതയുള്ള സൂര്യകാന്തം (വെളിപ്പാട് 21 :10, 11)

## വിജയികൾ

| 1-ാം സമ്മാനം | 2-ാം സമ്മാനം | 3-ാം സമ്മാനം |
|---|---|---|
| മോളി ബാബു<br>14 പ്യാരി നഗർ,<br>ബൈപാസ് റോഡ്,<br>ചുങ്കം സിബിഇ-45 | ഷാന്റി പ്രസാദ്<br>ബെഥേൽ ഹോം<br>കാർത്തികപ്പള്ളി<br>ആലപ്പുഴ | ഗ്രേസി തോമസ്<br>മിസ്പ കോട്ടേജ്<br>അടൂർ,<br>പത്തനംതിട്ട |

അന്തിമതീരുമാനം ക്രിസ്ത്യൻ വേൾഡിൽ നിഷിപ്തമായിരിക്കും.

# കുടുംബജീവിതത്തിൽ പ്രവേശിക്കുന്നതിനു മുൻപ് അറിയേണ്ടത്



സാം റ്റി. മുഖത്തല

കുടുംബജീവിതത്തെക്കുറിച്ചു ചിന്തിച്ചുതുടങ്ങുമ്പോൾ തീർച്ചയായും ആദ്യം സ്വയപരിശോധന ആവശ്യമാണ്.

1. പങ്കാളിയെ സ്വയം തിരഞ്ഞെടുക്കുന്നതിനെക്കാൾ നല്ലത് മാതാപിതാക്കളോ ഉത്തരവാദിത്തപ്പെട്ടവരോ തിരഞ്ഞെടുക്കുന്നതായിരിക്കും. സ്വയം തിരഞ്ഞെടുത്ത് ജീവിതം ആരംഭിച്ച ബഹുഭൂരിപക്ഷം കുടുംബങ്ങളും തകർന്നുപോയതായിട്ടാണു മനസ്സിലാക്കുന്നത്. സ്വയം തിരഞ്ഞെടുക്കുമ്പോൾ, സ്വന്തംഭാഗത്തുള്ള തെറ്റുകളും ന്യൂനതകളും മറച്ചുവെച്ച്, ഇല്ലാത്ത കാര്യങ്ങൾ പർവതീകരിച്ചു പറയും. ജീവിതത്തിന്റെ യാഥാർഥ്യത്തിൽ പലതും വ്യാജമായിരുന്നെന്ന് മനസ്സിലാകുമ്പോൾ തമ്മിലടി ആരംഭിക്കും. സ്നേഹം വിവാഹത്തിനു മുൻപ് പങ്കുവയ്ക്കുന്നതുകൊണ്ട് വിവാഹത്തിനുശേഷം പലപ്പോഴും സ്നേഹം കുറഞ്ഞുപോകും. സ്വയം പങ്കാളിയെ തിരഞ്ഞെടുക്കുന്നതു നല്ലതല്ല.

2. കുടുംബജീവിതത്തിൽ പ്രവേശിക്കുമ്പോൾ വിജയകരമായ കുടുംബജീവിതം എങ്ങനെ സാധ്യമാകും എന്നു പഠിക്കാനും അറിയാനും മനസ്സിലാക്കാനും മറക്കരുത്. കുറഞ്ഞപക്ഷം വിവാഹപൂർവ കൗൺസലിങ്ങിനെങ്കിലും വിധേയരാകണം. വ്യത്യസ്ത ഭവനത്തിൽ, വ്യത്യസ്ത ചുറ്റുപാടിൽ വ്യത്യസ്ത രീതിയിൽ, വ്യത്യസ്ത സ്വഭാവത്തിൽ വളർന്നുവന്ന രണ്ടു വ്യക്തികൾ ശാരീരികവും മാനസികവും ആത്മീകവും സാമ്പത്തികവുമായി ഒന്നാകുമ്പോൾ തീർച്ചയായും ഉപദേശങ്ങൾ ആവശ്യമാണ്.

> **ഇന്ത്യൻ നീതിന്യായനിയമം അനുസരിച്ച് സ്ത്രീധനം ചോദിക്കുന്നതും കൊടുക്കുന്നതും തെറ്റാണ്. ദൈവവചനപ്രകാരം പണത്തോടുള്ള ആർത്തി തികച്ചും തെറ്റാണ്. ആയതിനാൽ വിവാഹത്തിനു മുൻപ് സ്ത്രീധനത്തെക്കുറിച്ചു ചിന്തിക്കുകയേ വേണ്ട.**

3. ക്രൈസ്തവപശ്ചാത്തലത്തിൽപെട്ട വ്യക്തികൾ കുടുംബജീവിതത്തിൽ പ്രവേശിക്കുമ്പോൾ അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ തിരുവചനം വ്യക്തമാക്കുന്നു. തിരുവചനാടിസ്ഥാനത്തിൽ കുടുംബജീവിതം ആരംഭിക്കാൻ കഴിഞ്ഞാൽ തീർച്ചയായും ആ ജീവിതം വിജയകരമായിരിക്കും:

**a. പ്രാർഥന:** കുടുംബജീവിതത്തെക്കുറിച്ചു ചിന്തിച്ചുതുടങ്ങുമ്പോൾ തക്കയോഗ്യമായ ഒരു പങ്കാളിക്കുവേണ്ടി പ്രാർഥിക്കണം. കുടുംബജീവിതത്തിലേക്കു പ്രവേശിക്കാൻ ആവശ്യമായ പക്വത, ജ്ഞാനം, ആരോഗ്യം എന്നിവയ്ക്കായും, സ്നേഹിക്കയും പരസ്പരം കരുതുകയും ചെയ്യുന്ന പങ്കാളിക്കുവേണ്ടി പ്രാർഥിക്കണം.

**b. യോഗ്യത:** വിദ്യാഭ്യാസം, സൗന്ദര്യം, സമ്പത്ത് എന്നിവയോടൊപ്പം ആത്മികനാണോ ആത്മികയാണോ എന്ന് അന്വേഷിക്കണം. സൗന്ദര്യത്തെക്കാളും സമ്പത്തിനെക്കാളും ആത്മികനിലവാരം നോക്കണം. വിശ്വാസിയായ വ്യക്തിയാണെങ്കിൽ തിരുവചനത്തിൽ പ്രമാണം ഉണ്ട് (2 കൊരി. 6: 14,15), "അവിശ്വാസിയുമായി ഇണയില്ലാപ്പിണ കൂടരുത്, വിശ്വാസിക്ക് അവിശ്വാസിയോട് എന്ത് ഓഹരി" (1 കൊരി. 7: 39). കർത്താവിൽ വിശ്വസിക്കുന്നവരുമായിട്ടേ വിവാഹം ആകാവൂ (പുറ. 34: 16). ജാതികളുടെ പുത്രിമാരിൽ നിന്ന് നിങ്ങൾ പുത്രനു ഭാര്യമാരെ എടുക്കരുത് (ആവ. 7:3). ജാതികളുമായി പുത്രന്മാരെയോ പുത്രിമാരെയോ കൈമാറരുത് (നെഹെ. 10: 29,30). പുത്രിമാരെ ദേശത്തിലെ ജാതികൾക്കു കൊടുക്കുകയോ അവരുടെ പുത്രിമാരെ പുത്രന്മാർക്ക് എടുക്കുകയോ ചെയ്യരുത്. ഈ വാക്യങ്ങളിൽ എല്ലാം കാണുന്നത്, വിശ്വാസിയായ ഒരു വ്യക്തിക്കു വിവാഹം ആലോചിക്കുമ്പോൾ വിശ്വാസിയെ തന്നെ ആലോചിച്ചു കണ്ടെത്തണം എന്നാണ്. രക്ഷിക്കപ്പെട്ടു സ്നാനപ്പെട്ട ഒരു വ്യക്തി അവിശ്വാസിയുമായി വിവാഹം കഴിച്ചാൽ, മുൻപത്തെപ്പോലെ ദൈവികബന്ധം സാധ്യമല്ലാതെവരും. അല്ലെങ്കിൽ രക്ഷിക്കപ്പെട്ട ഒരാളുടെ വിശ്വാസം ത്യജിക്കണം, അല്ലെങ്കിൽ അവിശ്വാസി വിശ്വാസിയാകണം. എന്നാൽ, ബഹുഭൂരിപക്ഷവും കാണുന്നത് വിശ്വാസി പിന്മാറ്റത്തിലേക്കു പോകുന്നതാണ്. ഒരാൾ ദൈവത്തിൽനിന്ന് അകന്നുപോകുന്നത് ദൈവത്തിന് ഇഷ്ടമല്ല എന്നതുകൊണ്ട് തിരുവചനം പറയുന്നു; വിശ്വാസി അവിശ്വാസിയുമായി ഇണയില്ലാപ്പിണ കൂടരുത്. പങ്കാളികളുടെ വിശ്വാസം ഒന്നായിരിക്കുന്നതാണു നല്ലത്.

**c. സ്ത്രീധനം:** സ്ത്രീതന്നെ ധനമാണെന്നുള്ളത് മനസ്സിലാക്കി സ്ത്രീധനം ചോദിക്കുന്നത് നിർത്തണം. മറ്റുള്ളവർക്കു മാതൃകയാകേണ്ട വിശ്വാസസമൂഹം സ്ത്രീധനം ചോദിക്കുന്നതും സ്ത്രീധനം കൊടുക്കുന്നതും നിർത്തണം. വിവാഹത്തിനു വേണ്ടി ചിന്തിക്കുമ്പോൾ നല്ലൊരു പങ്കാളിയെക്കുറിച്ചാണു ചിന്തിക്കേണ്ടത്. എത്രപണം കിട്ടും എന്നതിനെക്കുറിച്ചല്ല. ജീവിതത്തിന്റെ എല്ലാ മേഖലയിലും താങ്ങായി നിൽക്കുന്ന ഒരു നല്ല പങ്കാളിയെ ആണ് ആവശ്യം. പണം പിന്നത്തേതിൽ വന്നുകൊള്ളും.

തിരുവചനത്തിൽ സ്ത്രീകൾക്കു പുരുഷന്മാർ പണംകൊടുത്തു വിവാഹം കഴിച്ചതായി കാണുന്നു. ഉദാഹരണത്തിന് യിസ്ഹാക്ക് റിബേക്കയ്ക്ക് അങ്ങോട്ടു പണംകൊടുത്തു സ്വീകരിച്ചതായിട്ടാണു മനസ്സിലാക്കുന്നത്. പണത്തെ സ്നേഹിക്കുന്നത് അപകടമാണെന്നാണു തിരുവചനം പഠിപ്പിക്കുന്നത്. അത്യാഗ്രഹം സകലവിധ ദോഷത്തിനും മൂലഹേതു. ഒരു പിതാവിന് എത്ര മൂലധനം ഉണ്ടോ അതു മക്കൾക്ക് തുല്യമായി വീതംവെച്ചു നൽകുന്നതാണ് ഉത്തമം. ഇന്ത്യൻ നീതിന്യായനിയമം അനുസരിച്ച് സ്ത്രീധനം ചോദിക്കുന്നതും കൊടുക്കുന്നതും തെറ്റാണ്. ദൈവവചനപ്രകാരം പണത്തോടുള്ള ആർത്തി തികച്ചും തെറ്റാണ്. ആയതിനാൽ വിവാഹത്തിനു മുൻപ് സ്ത്രീധനത്തെക്കുറിച്ചു ചിന്തിക്കുകയേ വേണ്ട.

കുടുംബജീവിതത്തിൽ പ്രവേശിക്കുന്നതിനു മുൻപ് അറിയേണ്ടത് അറിഞ്ഞുചെയ്തും നല്ല തയ്യാറെടുപ്പോടും കുടുംബജീവിതത്തിൽ പ്രവേശിക്കാം.

# ജാക്ക്മാ നൽകുന്ന പാഠം



ഡഗ്ലസ് ജോസഫ്
duglas2007@gmail.com

> **എല്ലാദിവസവും രാവിലെ ഒരു പഞ്ചനക്ഷത്ര ഹോട്ടലിനുമുൻപിൽ ജാക്ക്മാ ചൈന സന്ദർശിക്കുന്ന ടൂറിസ്റ്റുകളെ കാത്തുനിൽക്കുമായിരുന്നു. അഞ്ചുപൈസ വാങ്ങിക്കാതെ സൗജന്യമായി ടൂറിസ്റ്റ്ഗൈഡായി പ്രവർത്തിച്ചു. ഇംഗ്ലീഷ് പഠിക്കാനാണ് ഈ മാർഗം കണ്ടെത്തിയത്.**

അടുത്ത കാലത്തു ലോകമാകെ ഞെട്ടലോടെ ശ്രവിച്ച ഒരു പ്രഖ്യാപനമായിരുന്നു അത്. ലോകത്തിലെതന്നെ ഏറ്റവും സമ്പന്നരിൽ ഒരാളും ചൈനയിലെ ഏറ്റവും വലിയ ഓൺലൈൻ വ്യാപാരസ്ഥാപനമായ ആലിബാബയുടെ സ്ഥാപകനുമായ ജാക്ക്മാ 54-ാം പിറന്നാൾ ദിനത്തിൽ തന്റെ ബിസിനസ്സ് സാമ്രാജ്യത്തിന്റെ തലപ്പത്തുനിന്നും വിരമിക്കാൻ പോകുന്നു എന്നത്. തന്റെ ആദ്യ ഉപജീവനമാർഗമായിരുന്ന അധ്യാപകവൃത്തിയിലേക്കാണ് മടക്കം.

അറബികഥകളെപ്പോലും അതിശയിപ്പിക്കുന്നതായിരുന്നു ജാക്ക്മായുടെ വളർച്ച. ഇംഗ്ലീഷ് ശൈലിപ്രയോഗം പോലെ (Rags to riches) അതായത് കുടിലിൽ നിന്ന് കൊട്ടാരത്തിലേക്കുള്ള കണ്ണഞ്ചിപ്പിക്കുന്ന ഉയർച്ച.

സ്കൂളിൽ പഠിക്കുമ്പോൾ സ്ഥിരമായി ഒന്നിലധികം വിഷയങ്ങൾക്ക് തോൽവി. കോളേജ് പ്രവേശനത്തിനുള്ള എൻട്രൻസ് പരീക്ഷയിൽ രണ്ടുതവണ തോൽവി. ഹാർവാർഡ് യൂണിവേഴ്സിറ്റിയിലേക്കുള്ള അഡ്മിഷന് പത്തുതവണ ശ്രമിച്ചു, പത്തുതവണയും പരാജയപ്പെട്ടു. ഡിഗ്രിക്കുശേഷം ജോലിക്കായി മുപ്പത് ഇന്റർവ്യൂകൾക്ക് പോയെങ്കിലും എല്ലായിടത്തും തിരസ്കരിക്കപ്പെട്ടു. ഇക്കൂട്ടത്തത്തിൽ കെ.ഫ്.സിയിലേക്ക് നടന്ന ഇന്റർവ്യൂവിൽ ഇരുപത്തിനാല് പേർ വന്നതിൽ നമ്മുടെ കഥാനായകൻ ഒഴികെ എല്ലാവർക്കും ജോലികിട്ടി. പിന്നീട് പോലീസിലേക്കുള്ള സെലക്ഷന് പോയപ്പോൾ, അവിടെയെത്തിയ അഞ്ചുപേരിൽ നമ്മുടെ കഥാനായകൻ ഒഴികെ ബാക്കി എല്ലാവരും വിജയിച്ചു. അവസാനം ഒരു സ്കൂൾടീച്ചറായി ജോലികിട്ടി. പക്ഷേ തുച്ഛമായ ശമ്പളംകൊണ്ട് ജീവിതം മുന്നോട്ടുകൊണ്ടുപോകുവാൻ പ്രയാസപ്പെട്ടു. കുറച്ചുപണം സംഘടിപ്പിച്ചു രണ്ടുതവണ ബിസിനസ്സ് ചെയ്തു. രണ്ടുതവണയും വൻകടം വരുത്തിവച്ചു, ബിസിനസ് അടച്ചുപൂട്ടി. അങ്ങനെ നാടൻ ഭാഷയിൽ പറഞ്ഞാൽ ലോകതോൽവി ആയി മാറിയത് മറ്റാരുമല്ല ആമസോൺ കഴിഞ്ഞാൽ ലോകത്തിലെ ഏറ്റവും വലിയ ഓൺലൈൻ ഷോപ്പിംഗ് കമ്പനിയായ ആലിബാബയുടെ ഉടമയും, ആയിരക്കണക്കിന് ശതകോടിശ്വരന്മാരുള്ള ചൈനയിലെ ധനികരിൽ ഒന്നാമനും, ഏഷ്യയിലെ ആദ്യപത്തു ധനികരിൽ ഒരാളുമായ ജാക്ക്മാ എന്ന ബിസിനസ് രാജാവാണ്.

ഇന്നത്തെപ്പോലെ വികസിച്ചിട്ടില്ലാത്ത പഴയകമ്മ്യൂണിസ്റ്റ് ചൈനയിലെ ഒരു ഗ്രാമത്തിൽ, ഒരു ദരിദ്രകുടുംബത്തിൽ ജനിച്ച, പഠനത്തിൽ പിന്നോക്കമായിരുന്ന, യാതൊരു ബിസിനസ് പാരമ്പര്യവും ഇല്ലാത്ത, അമേരിക്കയിൽനിന്നോ, ഇംഗ്ലണ്ടിൽ നിന്നോ ബിസിനസ് മാനേജ്മെന്റ് ബിരുദം നേടിയിട്ടില്ലാത്ത ജാക്ക്മാ എന്ന ചെറുപ്പക്കാരൻ എങ്ങനെ പണ്ട് മുതലേ ബിസിനസ്സ് സാമ്രാട്ടുകളായിരുന്ന നമ്മുടെ അംബാനി, ടാറ്റാ, ബിർള തുടങ്ങിയ വമ്പന്മാരെ കടത്തിവെട്ടുന്ന ഒരു കൂറ്റൻ വ്യവസായസാമ്രാജ്യം കെട്ടിപ്പടുത്തു.

ഒരു സാധാരണക്കാരനായിരുന്ന, പ്രത്യേകിച്ചു എടുത്തുപറയാൻ ഒരു കഴിവും ഇല്ലാത്ത ജാക്ക്മായെ വിജയപാതയിൽ എത്തിച്ചത് രണ്ടുകാര്യങ്ങളാണ്. ഒന്ന്, പരാജയങ്ങളിൽനിന്നും പാഠമുൾക്കൊള്ളാനുള്ള, മനസ്സുമടിക്കാതെ വീണ്ടുംവീണ്ടും പരിശ്രമിക്കാനുള്ള മനസ്സ്. രണ്ട്, നൂറുവാതിൽ അടഞ്ഞാലും, അതിനപ്പുറം തുറന്നിരിക്കുന്ന ഒരു വാതിൽ (അവസരം) കാണാനുള്ളകഴിവ്.

തുടർച്ചയായി ഇന്റർവ്യൂകളിൽ പരാജയപ്പെടുമ്പോഴും, ജോലിയില്ലാതെ അലയുമ്പോഴും മാറുന്ന ചൈനയുടെ വികസനകുതിപ്പിൽ ഉയർന്നുവരാവുന്ന വൻഅവസരങ്ങൾ ജാക്ക്മാ മുൻകൂട്ടികണ്ടു.

എല്ലാദിവസവും രാവിലെ ഒരു പഞ്ചനക്ഷത്ര ഹോട്ടലിനുമുൻപിൽ ജാക്ക്മാ ചൈനസന്ദർശിക്കുന്ന ടൂറിസ്റ്റുകളെ കാത്തുനിൽക്കുമായിരുന്നു. അഞ്ചുപൈസവാങ്ങിക്കാതെ സൗജന്യമായി ടൂറിസ്റ്റ്ഗൈഡ്ആയി പ്രവർത്തിച്ചു. ഇംഗ്ലീഷ് പഠിക്കാനാണ് ഈ മാർഗം കണ്ടെത്തിയത്. 1995 ൽ ഇങ്ങനെ പരിചയപ്പെട്ട ചില ടൂറിസ്റ്റുകൾ മുഖേന അമേരിക്ക സന്ദർശിക്കാൻ സാധിച്ചു. അവിടെവച്ചാണ് ജാക്ക്മാ ആദ്യമായി ഇന്റർനെറ്റ് ഉപയോഗിക്കുന്നത്. ഇന്റർനെറ്റിലൂടെ സാധനങ്ങൾ വിൽക്കുന്ന ഇകോമേഴ്സിനെ പറ്റി അറിഞ്ഞ ജാക്ക്മാ ഇത് ചൈനയിൽ ഒന്നു പരീക്ഷിച്ചുനോക്കാൻ തീരുമാനിച്ചു. അന്ന് ചൈനയിൽ ഓൺലൈൻ കച്ചവടമെന്നത് കേട്ടുകേഴ്വിപോലുമില്ലാത്ത കാലം. ചില സുഹൃത്തുക്കളെകൂട്ടി വീട്ടിലെ ഒരു മുറി ഓഫീസാക്കി, ആമസോൺ മാതൃകയിൽ ചൈനയിലെ വൻമാർക്കറ്റ് മുൻപിൽ കണ്ടു.

ആലിബാബ എന്ന ബ്രാൻഡിൽ ഓൺലൈനിലൂടെ സാധനങ്ങൾ വിൽക്കാനാരംഭിച്ചു. ആദ്യ രണ്ടുമൂന്നുവർഷങ്ങൾ ഒരു

(ശേഷം പേജ് 6)

# പ്രളയാനന്തരചിന്തകൾ



റോജിൻ പൈനുംമൂട്



മഹാപ്രളയം നമ്മെ പല പാഠങ്ങൾ പഠിപ്പിച്ചു. അധികംകൊണ്ടു ജീവിച്ച നമ്മെ അല്പം കൊണ്ടു ജീവിക്കാൻ പഠിപ്പിച്ചു എന്നതാണ് ഈ പ്രളയപാഠത്തിലെ ആദ്യ അധ്യായം എന്നു നിസംശയം പറയാം. നമ്മുടെ വീടുകളിൽ ആവശ്യവസ്തുക്കൾ എന്നു കരുതി നാം വാങ്ങുന്ന പല വസ്തുക്കളും യഥാർഥത്തിൽ ആവശ്യമുള്ളതാണോ എന്നു ചിന്തിച്ചുവേണം ഇനിയുള്ള കാലത്ത് വാങ്ങാൻ എന്ന് ഈ പ്രളയം നമ്മെ പഠിപ്പിച്ചു.

പ്രശസ്ത ഇംഗ്ലീഷ് എഴുത്തുകാരൻ ജയിംസ് വാൾമാന്റെ 'Stuffocation' എന്ന പുസ്തകം ഈ പ്രളയാനന്തരകാലത്ത് വായിക്കേണ്ട ഒന്നാണ്. 'Stuff' എന്നാൽ വസ്തു. വസ്തുക്കളെക്കൊണ്ടു വീർപ്പുമുട്ടുന്ന അവസ്ഥയെക്കുറിച്ചാണ് ഈ പുസ്തകത്തിൽ പറയുന്നത്. നമ്മുടെ വീട്ടിൽ നാം ആവശ്യത്തിനും അനാവശ്യത്തിനുമായി വാങ്ങിക്കൂട്ടിയ വസ്തുക്കളെക്കുറിച്ച് ഇടയ്ക്ക് ഒരു സ്വയം കണക്കെടുപ്പു നടത്തുന്നതു നന്നായിരിക്കും. നമ്മുടെ വസ്ത്രങ്ങൾ വീട്ടുപകരണങ്ങൾ, വാഹനങ്ങൾ എന്നു തുടങ്ങി കുട്ടികളുടെ കളിപ്പാട്ടങ്ങൾ വരെ ഇക്കാര്യത്തിൽ വരും.

എന്തിനാണ് മലയാളി ഇത്രയധികം വസ്തുക്കൾ വാങ്ങിക്കൂട്ടുന്നത്? ക്ഷമിക്കണം, മലയാളി എന്ന് ഉപയോഗിച്ചതിന്. മലയാളി മാത്രമല്ല, ഇങ്ങനെ വസ്തുക്കൾ വാങ്ങിക്കൂട്ടുന്നത്. ലോകം മുഴുവൻ ഇത്തരത്തിലൊരു ഭ്രമത്തിലാണ്. അതാണല്ലോ ജയിംസ് വാൾമാനെ മുകളിൽ പറഞ്ഞ പുസ്തകമെഴുതാൻ പ്രേരിപ്പിച്ചത്. കുറച്ചു കാര്യങ്ങൾകൊണ്ട് എങ്ങനെ കൂടുതൽകാലം ജീവിക്കാം എന്നതിനെക്കുറിച്ചാണ് ഈ പുസ്തകത്തിൽ പറയുന്നത്.

അനാവശ്യ വസ്തുക്കൾ ഒഴിവാക്കിയാൽ വിടു മാത്രമല്ല, മനസ്സും വൃത്തിയാകും. ശാന്തമായ മനസ്സ് സന്തോഷത്തിനു മുഖ്യകാരണമാണല്ലോ.

പ്രളയത്തിനുശേഷം അതിന്റെ കെടുതി അനുഭവിച്ചവർക്കിടയിൽ സഹജീവിസ്നേഹം വർധിച്ചിട്ടുണ്ട് എന്ന കാര്യം നമുക്കു പിന്നീടുള്ള വാർത്തകളിൽ നിന്നും മനസിലാക്കാവുന്നതാണ്. കടൽകടന്നുവന്ന എത്രയോ സ്നേഹസമ്മാനങ്ങൾ പേരറിയാത്ത, നാടറിയാത്ത സഹോദരങ്ങൾക്കായി അവ നൽകാൻ അവരെ പ്രേരിപ്പിച്ച ഘടകം എന്താണ്. സ്നേഹം അല്ലാതെ വേറെന്ത്? മനസാക്ഷി മരവിച്ചിട്ടില്ല എന്ന് ഇതുനമ്മെ വിളിച്ചറിയിക്കുന്നു.

ഈ അവസരത്തിലാണ് നാം ലാളിത്യത്തെക്കുറിച്ചു ചിന്തിക്കേണ്ടത്. ലളിതമായ ജീവിതം എന്നാൽ, ഉണ്ണാതെയും ഉടുക്കാതെയും കുടിക്കാതെയും ആനന്ദിക്കാതെയുമുള്ള ജീവിതമെന്ന് അർഥമില്ല. ആവശ്യത്തിനു വേണ്ടതൊക്കെ നാം വാങ്ങണം ഉപയോഗിക്കണം.

കേട്ടുകേൾവി മാത്രമുണ്ടായിരുന്ന പ്രളയം നമ്മുടെ നാട്ടിൽ ഉണ്ടാക്കിയ നാശനഷ്ടങ്ങൾ വളരെയധികമാണ്. നഷ്ടപ്പെടൽ ഉണ്ടാക്കിയ മാനസികാഘാതത്തിൽ നിന്നും കരകയറാൻ ഇനിയും കാലങ്ങളെടുക്കും.

ദുരിതാശ്വാസക്യാംപുകളിൽ പണ്ഡിത–പാമര വ്യത്യസമില്ലാതെ ലളിതജീവിതം നയിക്കാൻ നമുക്കു കഴിഞ്ഞെന്നതു അഭിനന്ദനീയം. നമ്മുടെ ജനത അതിജീവനത്തിന്റെ പാതയിലാണ്. തീർച്ചയായും നാം തിരികെവരും.

പ്രളയം നമ്മുടെ ജനതയ്ക്ക് ദൈവത്തോടുള്ള ബന്ധം വർധിപ്പിക്കുന്നതിനു കാരണമായി എന്നതും ഏറെ എടുത്തുപറയേണ്ട കാര്യമാണ്. എല്ലാം നഷ്ടമായ അഭയാർഥി ജീവിതത്തിൽ ഇറ്റിറ്റായി ലഭിച്ച സ്നേഹത്തിന്റെ ജലാംശം ഏറെ രുചിക്കാൻ പലർക്കും കഴിഞ്ഞെന്നത് ചിന്തനീയം. മനസ്സുതുറന്നുള്ള പങ്കുവയ്ക്കലും കൂട്ടായ്മയും സ്നേഹത്തിന്റെ ഇഴയടുപ്പംകൂട്ടി എന്നതും സന്തോഷംപകരുന്ന കാര്യം തന്നെ.

**കടൽകടന്നുവന്ന എത്രയോ സ്നേഹസമ്മാനങ്ങൾ പേരറിയാത്ത, നാടറിയാത്ത സഹോദരങ്ങൾക്കായി അവ നൽകാൻ അവരെ പ്രേരിപ്പിച്ച ഘടകം എന്താണ്. സ്നേഹം അല്ലാതെ വേറെന്ത്? മനസാക്ഷി മരവിച്ചിട്ടില്ല എന്ന് ഇതുനമ്മെ വിളിച്ചറിയിക്കുന്നു.**

ഇനിയും രണ്ടു ചെറുപ്പക്കാരുടെ കാര്യം പറയാം. ആദ്യത്തെയാളെക്കുറിച്ച് ചരിത്രത്തിൽ നിന്നും പലരും പറയുന്നുണ്ടെങ്കിലും ഒരുപക്ഷേ, ഇപ്പറയുന്നത് ഒരു കഥയാകാനാണു സാധ്യത. അകല്സാണ്ടർ എന്ന ആ ചെറുപ്പക്കാരൻ മരിക്കാറായപ്പോൾ ഇങ്ങനെ പറഞ്ഞു: "ശവസംസ്കാരത്തിനായി എന്നെ കുഴിമാടത്തിലേക്കു കൊണ്ടുപോകുമ്പോൾ എന്റെ ഇരുകൈകളും ശവപേടകത്തിനു വെളിയിലായിരിക്കണം. ഒന്നുമില്ലാത്ത എന്റെ കൈകൾ ഈ ലോകത്തോട് അപ്പോൾ വിളിച്ചുപറയും; 'ലോകം മുഴുവൻ നേടിയ മഹാനായ അലക്സാണ്ടർ ഇതാ, വെറുംകൈയായി ശവകുടീരത്തിലേക്കു യാത്രയാകുന്നു."

ഇനി പറയുന്ന ചെറുപ്പക്കാരനെക്കുറിച്ചുള്ള കാര്യം കഥയല്ല, യാഥാർഥ്യമാണ്. അലക്സാണ്ടറിന്റെ മരണത്തിനു മുന്നൂറു വർഷങ്ങൾക്കു ശേഷം ജനിച്ച ഒരാളിന്റെ കാര്യമാണത്. ഈ വ്യക്തിയും അലക്സാണ്ടറിനെപ്പോലെ മുപ്പത്തിമൂന്നാം വയസ്സിലാണ് മരിച്ചത്. മരിച്ചതല്ല, കൊന്നതാണ് എന്നതാണു സത്യം. ആ വ്യക്തി ജീവിതത്തിലൊന്നും സമ്പാദിച്ചിട്ടില്ല. മരിക്കാറായപ്പോൾ ശൂന്യമായ തന്റെ കരങ്ങൾ വിരിച്ചുപിടിച്ച് ശാന്തനായി പറഞ്ഞു; 'സകലതും നിവർത്തിയായി.'

ലോകത്തിൽ എല്ലാംനേടിയ വ്യക്തി ഒന്നുംനേടിയില്ല എന്നുപറഞ്ഞു കരയുമ്പോൾ യാതൊന്നും നേടാത്ത വ്യക്തി പറയുന്നു: ''സകലവും നിവർത്തിയായി'' എന്ന്. അങ്ങനെ ലോകത്തിലൊരാൾക്കേ കഴിഞ്ഞിട്ടുള്ളൂ, അത് ഒരിക്കൽ മരിച്ച് മൂന്നാംനാൾ ഉയിർത്തെഴുന്നേറ്റ നമ്മുടെ യേശുക്രിസ്തുവാണ്.







പ്രളയസഹായവിതരണത്തിനു പാസ്റ്റർ മാത്യു പി. കുര്യൻ, ഫിന്നി പി. മാത്യു എന്നിവർ നേതൃത്വം നൽകിയപ്പോൾ.

# പ്രളയ സഹായ വിതരണം നടത്തി

**ചെങ്ങന്നൂർ:** കേരളത്തിലുണ്ടായ മഹാപ്രളയംമൂലം ദുരിതം അനുഭവിച്ചവർക്ക് ഉദയപ്പൂർ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന രാജസ്ഥാൻ പെന്തെക്കോസ്ത് സഭയുടെ ആഭിമുഖ്യത്തിൽ സഹായം വിതരണം നടത്തി. പ്രളയം രൂക്ഷമായ പാണ്ടനാട്, തോട്ടപ്പള്ളി (ആലപ്പുഴ) എന്നീ സ്ഥലങ്ങളിൽ ഒരു ലക്ഷത്തിലധികം രൂപയുടെ ഭക്ഷ്യസാധനങ്ങളും വസ്ത്രങ്ങളും വിതരണം ചെയ്തു. പാസ്റ്റർ മാത്യു പി. കുര്യൻ, ഫിന്നി പി. മാത്യു എന്നിവർ നേതൃത്വം നൽകി.

മരുഭൂമിയുടെ അപ്പോസ്തോലൻ എന്ന പേരിൽ അറിയപ്പെട്ട പാസ്റ്റർ തോമസ് മാത്യു സ്ഥാപിച്ച രാജസ്ഥാനിലെ പ്രഥമ പെന്തെക്കോസ്ത് സഭയാണ് രാജസ്ഥാൻ പെന്തെക്കോസ്തൽ ചർച്ച്.

## സുവിശേഷയോഗം

ഷാർജ: ഐ.പി.സി വർഷിപ്പ് സെന്റർ പി.വൈ.പി.എയുടെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 3,4,5 തീയതികളിൽ ഷാർജ വർഷിപ്പ് സെന്റർ മെയിൻ ഹാളിൽ സുവിശേഷയോഗം നടന്നു. റവ. ഡോ. വിൽസൺ ജോസഫ് ഉത്ഘാടനം ചെയ്തു. പാസ്റ്റർമാരായ അനീഷ് ഏലപ്പാറ, ജോൺസൻ ജോസഫ് എന്നിവർ പ്രസംഗിച്ചു. ഐ.പി.സി വർഷിപ്പ്സെന്റർ ഗായക സംഘം ഗാന ശുശ്രൂഷക്കു നേതൃത്വം നൽകി. പാസ്റ്റർമാരായ റോയി ജോർജ്, ഉദയകുമാർതുടങ്ങിയവർ നേതൃത്വം നൽകി.

## ഐപിസി ഡെൽഹി സ്റ്റേറ്റ് ശുശ്രൂഷകസമ്മേളനം

ന്യൂഡൽഹി: ഐപിസി ഡെൽഹി സ്റ്റേറ്റ് ശുശ്രൂഷകന്മാരുടെ സംയുക്ത സമ്മേളനം ഒക്ടോബർ 19, 20 തീയതികളിൽ ഗ്രീൻ പാർക്കിലുള്ള കമ്മ്യൂണിറ്റി ഹാളിൽ നടക്കും. പാസ്റ്റർ ഫിലിപ്പ് പി. തോമസ്, ഐപിസി ഡൽഹി സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ സാമുവേൽ എം. തോമസ്, പേട്രൺ പാസ്റ്റർ കെ. ജോയ് എന്നിവർ വിവിധ സെഷനുകളിൽ ക്ലാസുകൾ നയിക്കും. ഐപിസി ഡൽഹി സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ സാമുവേൽ എം. തോമസ് ഉത്ഘാടനംചെയ്യും. ഡൽഹി സ്റ്റേറ്റിൽ ഉള്ള 150-ൽ പരം ശുശ്രൂഷകന്മാർ സംബന്ധിക്കും. ഐപിസി ഡൽഹി സ്റ്റേറ്റ് എക്സിക്യൂട്ടീവ് കോൺഫറൻസിനു നേതൃത്വം നല്കും.

## ശാരോൻ ഫെല്ലോഷിപ്പ് യുഎഇ റീജിയൻ സംയുക്ത ആരാധനയും സമ്മേളനവും നവംബർ 23ന്

ദുബായ്: ശാരോൻ ഫെല്ലോഷിപ്പ് യുഎഇ റീജിയൻ സംയുക്ത ആരാധനയും സമ്മേളനവും നവംബർ 23ന് വെള്ളിയാഴ്ച രാവിലെ 9 മുതൽ ഉച്ചയ്ക്ക് 1 മണി വരെ റാസൽഖൈമ ശാരോൻ ഫെല്ലോഷിപ്പ് ചർച്ചിന്റെ ആഭിമുഖ്യത്തിൽ റാസൽഖൈമ, ജസ്സീറ ചർച്ച് കോമ്പൗണ്ട്, സെന്റ് ആന്റണി ഓഫ് പദ്വവ ചർച്ച് ബെയ്സ്മെന്റ് ഹാളിൽ നടക്കും. മിനിസ്റ്റേഴ്സ് കൗൺസിൽ, ശാരോൻ ഫെല്ലോഷിപ്പ് ചർച്ച് ജനറൽ സെക്രട്ടറി ഡോ. ഫിന്നി ജേക്കബ് മുഖ്യ സന്ദേശം നൽകും. റീജിയൻ ഭാരവാഹികളായ പാസ്റ്റർ ജേക്കബ് ജോർജ്ജ് മുണ്ടയ്ക്കൽ, പാസ്റ്റർ ജോൺസൺ ബി, പാസ്റ്റർ ബാബു വി. ജോൺ, പാസ്റ്റർ ഗിൽബർട്ട് ജോർജ്ജ്, തോമസ് ഫിലിപ്പ്, ബിജു തോമസ്, പാസ്റ്റർ സന്തോഷ് സെബാസ്റ്റ്യൻ എന്നിവർ നേതൃത്വം നൽകും.

# ജാക്ക്മാ നൽകുന്ന പാഠം

(4-ാം പേജ് തുടർച്ച)

ചില്ലിക്കാശ് ലാഭമില്ലായിരുന്നു. പരമ്പരാഗത വ്യാപാരികളുടെ എതിർപ്പ്, ഗവൺമെന്റ് അധികാരികളുടെ താല്പര്യമില്ലായ്മ അങ്ങനെ പ്രതികൂലസാഹചര്യങ്ങൾ. പക്ഷെ മായുടെ മനസ്സ് മടിച്ചില്ല. മുപ്പതുതവണ ഇന്റർവ്യൂ തോറ്റിട്ടും മുപ്പത്തിയൊന്നാം തവണ ഇന്റർവ്യൂ പാസ്സായി ജോലി നേടിയ ആ തളരാത്ത മനസ്സ് ഇവിടെയും മുന്നോട്ട്പോയി. ഓൺലൈൻ ഷോപ്പിങ്ങിലെ രാജാക്കന്മാരായ ആമസോണിനെ വെല്ലുവിളിക്കത്തക്കവിധം ചൈനീസ് മാർക്കറ്റിൽ ആലിബാബ വൈറലായി. കോടികൾ ഒഴുകിയെത്തി. അമേരിക്ക കഴിഞ്ഞാൽ ലോകത്തു ഏറ്റവുമധികം സമ്പന്നമാർ ഉള്ള ചൈനയിലെ ഒന്നാംനമ്പർ ധനികനായി ജാക്ക്മാ.

പരാജയം ഒന്നിന്റെയും അവസാനമല്ല, വീണ്ടും പരിശ്രമംനടത്തി മുന്നോട്ടുപോകുന്നതിലാണ് കാര്യം. അനേകായിരങ്ങൾക്ക് പ്രചോദനം നൽകുന്ന പ്രഭാഷണങ്ങൾ നടത്തുന്ന ജാക്ക്മാ ജീവിതം നിരാശയിൽ ആണ്ടുപോയവരോട് പറയുന്നത് ശ്രദ്ധാർഹമാണ്. "എന്റെ അച്ഛനോ അമ്മയോ ആരും സർക്കാർ ഉദ്യോഗസ്ഥരോ വലിയ കാശുകാരോ അല്ല. എന്റെ കുടുംബപശ്ചാത്തലമോ പഠനനിലവാരമോ വച്ചുനോക്കിയാൽ വിജയിക്കാൻ പ്രാപ്തിയുള്ള ഒരാളായി എന്നെ കാണാൻ കഴിയില്ല. നിങ്ങൾ പരാതിപറയാൻ ആരംഭിക്കുന്നതു മുതൽ നിങ്ങളുടെ പതനം ആരംഭിക്കും. ഇന്നത്തെ ദിനം ഇരുണ്ടതായിരിക്കും, നാളെയത്തെതു അതിലും മോശമായിരിക്കും. പക്ഷെ, മറ്റന്നാൾ സൂര്യപ്രകാശമുണ്ടാവും".

## ഉപവാസ പ്രാർത്ഥന

ഗുജറാത്ത്: മെഹ്സാന ശാരോൻ ഫെല്ലോഷിപ്പ് ചർച്ചിന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ 15–21 വരെ ഉപവാസ പ്രാർത്ഥന നടക്കും. പാസ്റ്റർമാരായ വർഗീസ് പി. ഏബ്രഹാം, ബിനു ഇളംപള്ളിൽ, ജോൺ സാമുവേൽ തുടങ്ങിയവർ പ്രസംഗിക്കും. പാസ്റ്റർ ജെ.പി. വെണ്ണിക്കുളം നേതൃത്വം നൽകും.

## ഭാരവാഹികൾ

**പത്തനംതിട്ട:** ശാരോൻ ഫെല്ലോഷിപ്പ് ചർച്ച് പത്തനംതിട്ട സെന്റർ ഭാരവാഹികളായി പാസ്റ്റർമാരായ വി. ജെ. തോമസ് (സെന്റർ മിനിസ്റ്റർ), കെ. പി. ഡാനിയേൽ (അസോ.സെന്റർ മിനിസ്റ്റർ), കെ. എം. പീറ്റർ (സെക്രട്ടറി), ബ്രദർ ജോർജ് വർഗീസ് (ട്രഷറർ), കെ. സി. തോമസ് (മെമ്പർ) എന്നിവരെ തിരഞ്ഞെടുത്തു.

**ചിറ്റാർ:** ശാരോൻ ഫെലോഷിപ്പ് ചർച്ച് ചിറ്റാർ സെക്ഷൻ ഭാരവാഹികളായി പാസ്റ്റർമാരായ റോയി വർഗീസ് (സെക്ഷൻ പാസ്റ്റർ), പി. എ. ചാക്കോച്ചൻ (അസോ. സെക്ഷൻ പാസ്റ്റർ), രാജീവ് ജി. (സെക്രട്ടറി) എന്നിവരെ തിരഞ്ഞെടുത്തു.

**മൈലപ്ര:** ശാരോൻ ഫെലോഷിപ്പ് ചർച്ച് മൈലപ്ര സെക്ഷൻ ഭാരവാഹികളായി പാസ്റ്റർമാരായ പി. ജോൺ (സെക്ഷൻ പാസ്റ്റർ), വർഗീസ് ഏബ്രഹാം (അസോ. സെക്ഷൻ പാസ്റ്റർ), റെജി പി. ശാമുവേൽ (സെക്രട്ടറി) എന്നിവരെയും. ഇവാൻജലിസം ബോർഡ് ഭാരവാഹികളായി പാസ്റ്റർ ഷാജൻ കുര്യൻ (പ്രസിഡന്റ്), പാസ്റ്റർ തോമസ് വർഗീസ് (സെക്രട്ടറി) പാസ്റ്റർ രാജേഷ് ചാക്കോ, പാസ്റ്റർ കെ. വി. വർഗീസ് (പ്രെയർ മൂവമെന്റ് കൺവീനേഴ്സ്), സിഇഎം ഭാരവാഹികളായി പാസ്റ്റർ സുജിത് ജോർജ് (പ്രസിഡന്റ്), ജീസൺ ഡാനിയേൽ (സെക്രട്ടറി), സജി റ്റി. (ട്രഷറർ). സണ്ടേസ്കൂൾ ഭാരവാഹികളായി പാസ്റ്റർ റെജി പി. ശാമുവേൽ (ചെയർമാൻ), മോളിക്കുട്ടി ജോൺസൻ (സെക്രട്ടറി), സുനിൽ വരിക്കോലിൽ (ട്രഷറർ). വനിതാ സമാജം ഭാരവാഹികളായി ജോളി തോമസ് (പ്രസിഡന്റ്), ഷൈനി റെജി (സെക്രട്ടറി), ഗ്രേയ്സ് സുജിത് (ട്രഷറർ) എന്നിവരെയും തിരഞ്ഞെടുത്തു.

## സഹോദരി സമാജം സമ്മേളനം

കട്ടപ്പന: ശാരോൺ ഫെല്ലോഷിപ്പ് ഹൈറേഞ്ച് സെന്റർ സഹോദരി സമാജം സമ്മേളനം ഒക്ടോബർ 18നു കട്ടപ്പന ശാരോൺ ചർച്ചിൽ നടക്കും. സിസ്റ്റർ തങ്കമ്മ തോമസ് പ്രസംഗിക്കും. സിസ്റ്റർ ആൻസി ജോജി, സിലു സാബു എന്നിവർ നേതൃത്വം നൽകും.

## ഏകദിന സെമിനാർ

കാട്ടാക്കട: വൈപിസിഎ പാലോട് സെന്റർ ഏകദിന സെമിനാർ ഒക്ടോബർ 18നു രാവിലെ 9 മുതൽ വൈകിട്ട് 4 വരെ മുതുവിള ന്യൂ ഇന്ത്യ ചർച്ച് ഓഫ് ഗോഡ് സഭയിൽ നടക്കും. പാസ്റ്റർ എ.കെ. ദേവദാസ് ഉത്ഘാടനം ചെയ്യും. പാസ്റ്റർ ഷിബു റോബിൻസൺ പ്രസംഗിക്കും. വിഷയം: യുവതവും ആത്മീയതയും.

## ഐപിസി ഹൈദരാബാദ് –സെക്കദരാബാദ് ഡിസ്ട്രിക്റ്റിനു പുതിയ നേതൃത്വം

ഹൈദരാബാദ്: ഐ.പി.സി ഹൈദരാബാദ് സെക്കദരാബാദ് ഡിസ്ട്രിക്റ്റിനു പുതിയ നേതൃത്വം. പാസ്റ്റർ സി.എം. മാമ്മൻ (പ്രസിഡന്റ്), പാസ്റ്റർ കെ. സണ്ണി (വൈസ് പ്രസിഡന്റ്), പാസ്റ്റർ സാം ഏബ്രഹാം (സെക്രട്ടറി), ബിജോയി പി. ജേക്കബ് (ജോയിന്റ് സെക്രട്ടറി), ബെന്നി ചാക്കോ (ട്രഷറർ), എന്നിവരെയും കമ്മിറ്റിയംഗങ്ങളായി പാസ്റ്റർ ബിജു കെ.ജെ., ഇവാ. ജോബി മാത്യു, സി. സജി, ഒ. ജോൺ, ജോർജ്ജ് വർഗീസ്, പാസ്റ്റർ ലിവിങ്ങ്സ്റ്റൺ വി. രാജു (പിവൈപിഎ പ്രസിഡന്റ്), ഓഡിറ്റർ ജെറാൾഡ് റ്റി. ഈപ്പൻ എന്നിവരെയും നിയമിച്ചു.

## ഐപിസി സണ്ടേസ്കൂൾ ഹൈദരാബാദ് – സെക്കദരാബാദ് ഡിസ്ട്രിക്ക് ഭാരവാഹികൾ

ഹൈദരാബാദ്: ഐപിസി സണ്ടേസ്കൂൾ അസോസിയേഷൻ ഹൈദരാബാദ് - സെക്കദരാബാദ് ഡിസ്ട്രിക്കിന്റെ 2018–2020 പ്രവർത്തന വർഷത്തേക്കുള്ള ഭാരവാഹികളെ തിരഞ്ഞെടുത്തു.

പാസ്റ്റർ സി.എം. മാമ്മൻ (രക്ഷാധികാരി), പ്രെയ്സൺ ഏബ്രഹാം (ഡയറക്ടർ), മറിയം വർഗ്ഗീസ് (സെക്രട്ടറി), മനോജ് മാത്യു (ട്രഷറർ) എന്നിവരെയും കമ്മിറ്റിയംഗങ്ങളായി പാസ്റ്റർ സി.എസ്. സജി, അജി രാജൻ, ഷാജി എം. ജോർജ്ജ്, സബിൻ സണ്ണി, ബ്ലസൻ ഫിലിപ്പ്, സിസ്റ്റർ സുബി വർഗ്ഗീസ് എന്നിവരെയും തെരെഞ്ഞെടുത്തു.

വാർത്ത: ലിവിങ്ങ്സ്റ്റൺ വി രാജു

## മലയാളം ഈസി ടു റീഡ് ഓഡിയോ ബൈബിൾ ആപ്പ് പുറത്തിറങ്ങി

കോട്ടയം: മലയാളം ഈസി ടു റീഡ് വെർഷൻ ഓഡിയോ ബൈബിൾ ആപ്പ് പുറത്തിറങ്ങി. ബൈബിൾ ലീഗ് ഇന്റർനാഷണൽ പുറത്തിറക്കിയ ഇആർവി ബൈബിളും, ഫെയിത്ത് കംസ് ബൈ ഹിയറിംഗ് പുറത്തിറക്കിയ ഓഡിയോ ബൈബിളും ആണ് ആപ്പിൽ ലഭ്യമായിരിക്കുന്നത്.

ഈ ആപ്ലിക്കേഷൻ ഉപയോഗിച്ച് നിങ്ങൾക്ക് മലയാളം ബൈബിൾ സ്മാർട്ട് ഫോണുകളിൽ ഓഫ്‌ലൈൻ ആയി വായിക്കാം. വായിക്കുന്ന ഭാഗം അതെ സമയം തന്നെ ശ്രവിക്കുവാൻ കൂടി സഹായിക്കുന്ന ഓഡിയോ ബൈബിൾ ഇന്റഗ്രേഷൻ ഈ ആപ്പിന്റെ സവിശേഷതയാണ്. കൂടാതെ സമാന്തര ഇംഗ്ലീഷ് പരിഭാഷയും (Parallel English Bible), വാക്യങ്ങൾ ഹൈലൈറ്റ് ചെയ്യാൻ ഉള്ള ഓപ്ഷൻ, നോട്ടുകൾ ആഡ് ചെയ്യാൻ ഉള്ള ഓപ്ഷൻ, സോഷ്യൽ മീഡിയ ഷെയർ ബട്ടൻസ് എന്നീ സവിശേഷതകൾ ഈ ആപ്പിൽ ലഭ്യമാണ്.



സെമിനാറിൽ പാസ്റ്റർ പി.ജി. മാത്യൂസ് പ്രസംഗിക്കുന്നു.

## സഭയും സമൂഹവും ക്രിസ്തീയ എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുക: പാസ്റ്റർ പി.ജി. മാത്യൂസ്

**തിരുവല്ല:** എഴുത്ത് ദൈവത്തിന്റെ വരദാനമാണെന്നും, ദൈവീക കൃപയില്ലാതെ ആർക്കും ആശയ വിനിമയത്തിന് സാദ്ധ്യമല്ലെന്നും പാസ്റ്റർ പി.ജി. മാത്യൂസ് പറഞ്ഞു. ചർച്ച് ഓഫ് റൈറ്റേഴ്സ് ഫെലോഷിപ്പ് ഇൻഡ്യയുടെ ആഭിമുഖ്യത്തിൽ ഒക്ടോബർ 6ന് നടന്ന ഏകദിന സെമിനാർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. എഴുത്തുകാർ നിർവ്വഹിക്കുന്നത് സമൂഹത്തോടുള്ള പ്രതിബദ്ധതയാകയാൽ ദൈവീക സന്ദേശം എഴുതുന്ന ക്രൈസ്തവ എഴുത്തുകാരെ സഭയും സമൂഹവും പ്രോത്സാഹിക്കേണ്ടതാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ കുമ്പനാട് ബഥേൽ ഹാളിൽ നടന്ന ഉദ്ഘാടന സമ്മേളത്തിന് റൈറ്റേഴ്സ് ഫെലോഷിപ്പ് വൈസ് പ്രസിഡന്റ് പാസ്റ്റർ ജെ. ജോസഫ് അദ്ധ്യക്ഷത വഹിച്ചു. ആക്ടിംഗ് ജനറൽ സെക്രട്ടറി പാസ്റ്റർ പി. പി. കുര്യൻ സ്വാഗത പ്രസംഗം നടത്തി. പാസ്റ്റർമാരായ ശാമുവേൽ ഫിലിപ്പ്, എസ്. ജോസ് എന്നിവർ പ്രാർത്ഥിച്ചു.

പാസ്റ്റർ ജോൺ ഫിലിപ്പ് എഴംകുളം, സിസ്റ്റർ റജീനാ ഫിലിപ്പും ആശംസ അറിയിച്ചു. രണ്ടു ഭാഗങ്ങളായി നടന്ന ക്ലാസ്സുകൾക്ക് പാസ്റ്റർ സുഭാഷ് ആനാരി, ഷാജി ഇടുക്കി എന്നിവർ അദ്ധ്യക്ഷന്മാരായിരുന്നു. ക്ലാസ്സുകൾ പാസ്റ്റർ വി.പി. ഫിലിപ്പും, മുകേഷ് വാര്യരും നയിച്ചു. തുടർന്ന് നടന്ന ചർച്ചകൾക്ക് പാസ്റ്റർ ജെയ്മോഹൻ അതിരുങ്കൽ, ഷൈജു തോമസ് ഞാറയ്ക്കൽ എന്നിവർ മോഡറേറ്ററുമാരായി പ്രവർത്തിച്ചു. പാസ്റ്റർ ബിജു ജോയി കൃതജ്ഞത അറിയിച്ചു. റൈറ്റേഴ്സ് ഫെലോഷിപ്പ് ട്രഷറാർ റവ. ഡോക്ടർ ഷിബു കെ. മാത്യുവിന്റെ പ്രാർത്ഥനയോടെ സമാപിച്ചു. സെമിനാറിന് പാസ്റ്റർമാരായ പി.ജി. മാത്യൂസ്, പി.പി. കുര്യൻ, ഷാജി എം. സ്കറിയ (ഷാജി ഇടുക്കി), ബിജു ജോയി തുവയൂർ, സുഭാഷ് ആനാരി എന്നിവർ നേതൃത്വം വഹിച്ചു.

## മാസയോഗം

ആയൂർ: ഐ.പി.സി ആയൂർ സെന്റർ മാസയോഗം ഒക്ടോബർ 20 ശനിയാഴ്ച മലപ്പേരൂർ ബഥേൽ ഹോളിൽ പാസ്റ്റർ വർഗീസ് മത്തായിയുടെ നേതൃത്വത്തിൽ നടക്കുമെന്ന് സെക്രട്ടറി പാസ്റ്റർ പി.ഐ. ഏബ്രഹാം അറിയിച്ചു.

## ആപ്കോൺ സിസ്റ്റേഴ്സ് ഫെലോഷിപ് സോദരി സമ്മേളനം ഒക്ടോബർ 6നു

അബുദാബി: അബുദാബിയിലെ പെന്തെക്കോസ്ത് സഭകളുടെ ഐക്യവേദിയായ അബുദാബി പെന്തെക്കോസ്തൽ ചർച്ചസ് കോൺഗ്രിഗേഷൻ സിസ്റ്റേഴ്സ് ഫെലോഷിപ്പ് ഒരുക്കുന്ന സോദരി സമ്മേളനം ഒക്ടോബർ 6നു രാവിലെ 10 മുതൽ 1 വരെ ഇവാഞ്ചലിക്കൽ ചർച്ചിൽ നടക്കും. സുവിശേഷക സൂസൻ തോമസ് ബഹ്റിൻ പ്രസംഗിക്കും. സിസ്റ്റേഴ്സ് ഫെലോഷിപ്പ് പ്രസിഡന്റ് ആനി സാമുവേൽ അധ്യക്ഷത വഹിക്കും.

## പാസ്റ്റർ എൻ.ജി. രാജു ഷാർജ വിക്ടറി ഏജി ശുശ്രൂഷകൻ



ഷാർജ വിക്ടറി അസംബ്ലി ഓഫ് ഗോഡ് ശുശ്രൂഷകനായി പാസ്റ്റർ എൻ.ജി. രാജു ചാർജെടുത്തു. വയനാട് അമ്പലവയൽ സ്വദേശിയായാണ്. 1989 മുതൽ അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്റ്റിന്റെ കീഴിലുള്ള ചേലക്കര, രാമവർമപുരം, തിരുവില്വാമല, വടാട്ടുപാറ, വാഴക്കുളം, കരിങ്കുന്നം എന്നീ സഭകളിൽ മുൻപ് സേവനം അനുഷ്ഠിച്ചു. തൊടുപുഴ സെക്ഷൻ മുൻ പ്രസ്ബിറ്ററാണ്. മലബാറിലെ ആദ്യകാല സുവിശേഷകരിൽ ഒരാളായ പരേതനായ പാസ്റ്റർ വി.ജെ. സാമുവലിന്റെ മകൾ എൽസിയാണ് ഭാര്യ. മക്കൾ: പ്രിൻസി, പ്രിൻസ്. മരുമകൻ: ഷാലോം ജേക്കബ്. അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്റ്റിന്റെ കീഴിലുള്ള വിക്ടറി ഏ.ജിയുടെ ആരാധനാ യോഗം ഷാർജ യൂണിയൻ ചർച്ചിലെ ഹാൾ നമ്പർ ആറിൽ വെള്ളിയാഴ്ചകളിൽ ഉച്ചക്ക് 2.45 മുതൽ 5.45 വരെയാണ് നടക്കുന്നത്.

കൂടുതൽ വിവരങ്ങൾക്ക് പാസ്റ്റർ എൻ.ജി. രാജുവിനെ 0543436048 എന്ന നമ്പറിൽ ബന്ധപെടുക.

## റീമാ അവാർഡ് ജോർജ് ഏബ്രഹാമിനും ഡോ. സി.വി. വടവനയ്ക്കും



ജോർജ് ഏബ്രഹാം



സി.വി. വടവന

കോട്ടയം: 20-ാമത് റീമാ ദേശീയ അവാർഡ് യു.എൻ.ഒ.യുടെ മുൻ ചീഫ് ടെക്നോളജി ഓഫീസറും അമേരിക്കയിലെ സാംസ്കാരിക പ്രവർത്തനകനും ഇന്ത്യൻ കൾച്ചറൽ ഫോറം ചെയർമാനുമായ ജോർജ് ഏബ്രഹാമിനും, സത്യം മിനിസ്ട്രീസ് ചെയർമാനും ചാരിറ്റി പ്രവർത്തകനും ഗ്രന്ഥകാരനുമായ ഡോ. സി.വി. വടവനയും അർഹരായി. 25,000 രൂപയും പ്രശസ്തി പത്രവും ഫലകവും അടങ്ങുന്നതാണ് അവാർഡ്. മനുഷ്യാത്മകമായ പ്രവർത്തനങ്ങളെ മാനിച്ചാണ് ഈ അവാർഡ് നൽകുന്നതെന്ന് ജൂറി അംഗങ്ങളായ ഡോ. അലക്സാണ്ടർ കാരയ്ക്കൽ, കിളിരൂർ രാധാകൃഷ്ണൻ, തേക്കുംകാട് ജോസഫ് എന്നിവർ അറിയിച്ചു.

ജോർജ് ഏബ്രഹാം അമേരിക്കൻ മലയാളികളുടെ ഉന്നമനത്തിനും ക്ഷേമത്തിനുമായി പ്രവർത്തിക്കുകയും, മലയാള സംഘടനകളുടെ സ്ഥാപക നേതാക്കളിൽ ഒരാളും ഐ.ഒ.സി.യുടെ വൈസ് ചെയർമാനും ഐ.പി.സി.യുടെ മുൻ ജനറൽ സെക്രട്ടറി റ്റി.എൻ. ഏബ്രഹാമിന്റെ മകനും, ബാലജനസഖ്യം സംസ്ഥാന ട്രഷററായും പ്രവർത്തിച്ച കല്ലിശ്ശേരി സ്വദേശിയാണ്. ന്യൂയോർക്കിൽ താമസിക്കുന്നു.

ഡോ. സി.വി. വടവന വികലാംഗർക്കായി ഒരുലക്ഷം വീൽ ചെയറുകൾ ഇന്ത്യയിൽ വിതരണം ചെയ്യുകയും, ചാരിറ്റി പ്രവർത്തകനും ഡിഫറന്റ്ലി ഏബിൾ കുട്ടികൾക്കായി തിരുവല്ലായിൽ നടത്തുന്ന ജസ്റ്റിൻ സ്കൂളിന്റെ സ്ഥാപകനും 30 ഗ്രന്ഥങ്ങളുടെ രചയിതാവും സാംസ്കാരിക ആത്മീയ പ്രവർത്തകനും ക്രിസ്ത്യൻ ബുക്സ് സെല്ലേഴ്സ് അസോസിയേഷന്റെ ഇന്ത്യയുടെ പ്രസിഡന്റും ആണ്. മുക്കൂർ സ്വദേശിയാണ്.

ഡിസംബർ 20നു തിരുവല്ലയിൽ നടക്കുന്ന റീമാ ഫൗണ്ടേഷന്റെ സമ്മേളനത്തിൽ പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല എം.എൽ.എ അവാർഡ് വിതരണം ചെയ്യുമെന്ന് ഫൗണ്ടേഷൻ ചെയർമാൻ റവ. സി.പി. മോനായി, സെക്രട്ടറി സണ്ണി വെള്ളവന്താനം എന്നിവർ അറിയിച്ചു.

സൗജന്യ ബൈബിൾ പഠനം

Global Mercy Gospel Mission
Bible Seminary, Munnar

D.Th. (One Year) B.Th. (2 Years) Courses

Ph: 8330897956, 9846273089
Email: gmgmsweden@gmail.com
www.gmgmsweden.com

## നിത്യതയിൽ



### മേരി ടീച്ചർ

മണ്ണാർക്കാട്: ഐപിസി സീയോൺ സഭാവിശ്വാസിയും കവലക്കാട്ടിൽ പരേതനായ അല്ലെസ്സിന്റെ ഭാര്യയുമായ മേരി ടീച്ചർ (84) നിത്യതയിൽ ചേർക്കപ്പെട്ടു. സംസ്കാര ശുശ്രൂഷ സെപ്റ്റംബർ 6 ന് ഉച്ചകഴിഞ്ഞ് 2 മണിക്ക് വീട്ടിൽ ആരംഭിച്ചു സഭാ സെമിത്തേരിയിൽ സംസ്കരിച്ചു.

മക്കൾ: ടെസ്ല, ഷൈല, ബീന, സാജൻ. മരുമക്കൾ: എബ്രഹാം, റോയ്, ബാബു, ഷീബ.



### കെ.കെ. ചാക്കോ

ബാംഗ്ലൂർ: ഇന്ത്യാ ക്യാമ്പസ് ക്രൂസേഡിന്റെ ഏഷ്യൻ ഫിനാൻസ് ഡയറക്ടർ കെ.കെ. ചാക്കോ (58) സെപ്റ്റംബർ 3ന് നിത്യതയിൽ ചേർക്കപ്പെട്ടു. പിറ്റേദിവസം രാവിലെ 11 മണിക്ക് ക്യാമ്പസ് ക്രൂസേഡ് ഓഡിറ്റോറിയത്തിൽ പൊതുദർശനത്തിന് വെച്ച മൃതദേഹം തുടർന്ന് ഉച്ചകഴിഞ്ഞ് 3 മണിക്ക് സെന്റ് തോമസ് ഓർത്തഡോക്സ് സഭാ സെമിത്തേരിയിൽ സംസ്കരിച്ചു.

ഭാര്യ: ആനിക്കാട് പ്രമടിക്കുഴിയിൽ സുനിത. മകൻ: ഫിന്നി.



### പാസ്റ്റർ പി.എസ് ഫിലിപ്പിന്റെ മാതാവ് റാഹേലമ്മ ശാമുവേൽ

തോന്നിയാമല: അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് സൂപ്രണ്ട് റവ. പി.എസ്. ഫിലിപ്പിന്റെ മാതാവും പാലയ്ക്കത്തറയിൽ പരേതനായ പി.പി. സാമുവേലിന്റെ ഭാര്യ റാഹേലമ്മ ശാമുവേൽ (92) കർത്താവിൽ നിദ്ര പ്രാപിച്ചു.

മറ്റു മക്കൾ: ലീലാമ്മ, ചിന്നമ്മ, സൂസമ്മ, പാസ്റ്റർ പി.എസ്. മാത്യു, പാസ്റ്റർ പി.എസ്. ജോർജ്, പി. എസ്. ജെയിംസ്. മരുമക്കൾ: ലീലാമ്മ ഫിലിപ്പ്, പരേതനായ പാസ്റ്റർ ജേക്കബ് ജോൺ, സി.സി. സൈമൺ (തങ്കച്ചൻ), ഫിലിപ്പോസ് ജോർജ് (രാജൻ), ഗ്രേസി മാത്യു, ഷീല ജോർജ്, ജെസ്സി ജെയിംസ്.



## കാഴ്ചയ്ക്കപ്പുറം

ജോയ് നെടുങ്കുന്നം

## ........തൊഴി... (ൽ)

തെമ്മനത്ത് ഒരു തൊഴിൽ ചെയ്ത് (മീൻ വിറ്റു) ഉപജീവന മാർഗം കണ്ടെത്തിയ ഹനാൻ എന്ന പെൺകുട്ടിയെ സൈബർ ഗുണ്ടകൾ ആക്രമിക്കുകയും, പിന്നീട് തെറ്റ് മനസ്സിലാക്കി മാപ്പ് പറയുകയും ചെയ്തു. ചിലരെ പോലീസ് അറസ്റ്റ് ചെയ്തതും സമകാലിക സംഭവമാണ്. ഒരു കൊച്ച് പെൺകുട്ടിയെ മാനസികമായി തകർത്ത് തരിപ്പണമാക്കി. സമൂഹമദ്ധ്യേ നിജസ്ഥിതി അറിയാതെ നീചവും നികൃഷ്ടവുമായ വാക്കുകൾ ഉപയോഗിച്ച് തൊഴിൽ ചെയ്തവളെ തൊഴിച്ച് വീഴ്ത്തി......

......... ജീവിതസമരത്തിൽ ആ പെൺകുട്ടി സാഹചര്യങ്ങളോട് പൊരുതി ജയിക്കുകയായിരുന്നു. കരൾ അലിയിക്കുന്ന ജീവിത കഥയാണ് അവളുടേത്, മദ്യപാനിയായ അപ്പൻ ഉപേക്ഷിച്ചു പോയി, അമ്മയ്ക്കു മാനസികരോഗം! ഇളയ ഒരു സഹോദരൻ, അഷ്ടിക്കുള്ള വക കണ്ടെത്താൻ എട്ടാം ക്ലാസ് മുതൽ വിവിധ തൊഴിൽ ചെയ്യുന്നു. ഒരു ഡോക്ടർ ആകണമെന്ന മോഹവുമായി ജീവിത നെരിപ്പോടിൽ വെന്തെരിയുന്നവൾ! ദുഃഖങ്ങളൊക്കെ ഉള്ളിൽ ഒതുക്കി എല്ലാവരോടും തുറന്ന് സഹകരിക്കുന്ന വിശാല മനസ്സ്. ദൈവം കനിഞ്ഞ് അനുഗ്രഹിച്ച് തന്ന കലാവാസന ഹൃദയത്തിൽ സൂക്ഷിക്കുകയും, അവസരം കിട്ടുമ്പോൾ വിനിയോഗിക്കുകയും ചെയ്യുന്ന ഹനാൻ ഒരു വേള പിടിച്ച് നിൽക്കാൻ കഴിയാതെ തളർന്ന് വീണു.

(ഇപ്പോൾ ഒരു കാർ ആക്സിഡന്റ് സംഭവിച്ചു വിശ്രമത്തിൽ ആണെന്ന് അറിയുന്നു. ഉപേക്ഷിച്ചു പോയ പിതാവ് മടങ്ങിവന്നു എന്നതും ആശ്വാസം പകരുന്നു.)

**********************

സത്യം അറിയാതെ വിമർശനത്തിന്റെ ശരവുമായി അഴിഞ്ഞാടുന്നവർ നമ്മുടെ ഇടയിലും വർദ്ധിച്ചുവരുന്നു.

എത്ര ജീവിതങ്ങളെ നാം പുറകിൽ നിന്നും തൊഴിച്ച് വീഴത്തി!

തൊഴിൽ ചെയ്യുന്നവരെ തൊഴിച്ച് വീഴ്ത്താൻ കഴിഞ്ഞ ദിവസം നാമും ശ്രമിച്ചു.

**********************

സന്തോഷ് കുരുവിളയും 'നീരാളിയും' നാം ആഘോഷിച്ചു. തന്റെ പിതാവിനെ പോലും വെറുതെ വിട്ടില്ല. വിമർശനത്തിന്റെ അതിർവരമ്പുകൾ ഒക്കെ ലംഘിച്ചു. തൊഴിൽ ചെയ്യാനുള്ള പൗരസ്വാതന്ത്രത്തിൽ കൈകടത്താൻ നമുക്ക് എന്തവകാശം? പെന്തെക്കോസ്തുകാരനായി ജനിച്ച് പോയതാണോ തെറ്റ്. ഏത് തൊഴിൽ ചെയ്യണം എന്നുള്ളത് തികച്ചും വ്യക്തിപരമാണ്. ചില തൊഴിലുകൾ മാത്രമേ ചിലർ ചെയ്യാവൂ എന്ന് ശഠിക്കുന്നതും ശരിയല്ല. വർണവ്യവസ്ഥക്ക് അനുസരിച്ച് തൊഴിൽ വിഭാഗിച്ചു കൊടുത്തിരുന്ന കാലം പോയി.... മറ്റുള്ളവരെ കബളിപ്പിച്ചും, മോഷ്ടിച്ചും ജീവിക്കുന്നതിനേക്കാൾ ഭേദമല്ലേ അഭിമാനത്തോടെ ഏത് തൊഴിലും ചെയ്ത് ജീവിക്കുന്നത്. വിശ്വാസികൾ ചെയ്യേണ്ട ജോലികൾ തരംതിരിച്ചിട്ടൊന്നുമില്ലല്ലോ? മറ്റുള്ളവരെ വിമർശിക്കന്നതിന് മുമ്പ് നാം നമ്മുടെ മനസാക്ഷിയുടെ കോടതിയിൽ ആദ്യം വിധിക്കപ്പെടട്ടെ!

നിസാര സംഗതികളെപോലും പൊടിപ്പും തൊങ്ങലും വച്ച് അവതരിപ്പിക്കുന്നതിൽ നമ്മെക്കാൾ കേമന്മാർ ആരും ഇല്ല. ലോക മനുഷ്യർ പറയാൻ അറയ്ക്കുന്ന വാക്കുകൾ എത്ര ലാഘവത്തോടെയാണ് നാം സോഷ്യൽ മീഡിയയിൽ എഴുതിവിടുന്നത്.

വലിയ പ്രശ്നങ്ങൾ നാം കണ്ടില്ലന്ന് നടിക്കുന്നു. ചില നിസാര കാര്യങ്ങൾക്ക് അമിത പ്രാധാന്യം നല്കുന്നു.

**********************

നമ്മുടെ വാക്കുകളും ആശയങ്ങളും, സഹജീവികളെയും സഹവിശ്വാസികളെയും തകർക്കാനാണ് ഉപയോഗിക്കുന്നതെങ്കിൽ ദൈവത്തിന്റെ നീതിന്യായ കോടതിക്കു മുമ്പിൽ കണക്ക് ബോധിപ്പിച്ചേ മതിയാകൂ.

........ സോഷ്യൽ മീഡിയ കൊണ്ട് പാപം ചെയ്യാതിരിപ്പാൻ ഞാൻ എന്റെ മൊബൈലിനെ സൂക്ഷിക്കും എന്നും, ദുഷ്ടൻ എന്റെ മുമ്പിൽ ഇരിക്കുമ്പോൾ എന്റെ മൊബൈൽ കടിഞ്ഞാൺ ഇട്ടു സൂക്ഷിക്കുമെന്നും നമുക്ക് തീരുമാനം എടുക്കാം....

## ഐപിസി കർണാടക സ്റ്റേറ്റ് ശുശ്രൂഷക സമ്മേളനം 16 മുതൽ

**ചാക്കോ കെ. തോമസ്, ബെംഗളൂരു**

ബെംഗളൂരു: ഐപിസി കർണാടക സ്റ്റേറ്റ് ശുശ്രൂഷക സമ്മേളനം ഒക്ടോബർ 16 - 18 വരെ ഹൊറമാവ് അഗര ഐപിസി ഹെഡ്ക്വാർട്ടേഴ്സ് ഓഡിറ്റോറിയത്തിൽ നടക്കും. പാസ്റ്റർമാരായ വിൽസൻ ജോസഫ്, സാം ജോർജ്, ഡോ. ഇടി ചെറിയ നൈനാൻ, ഡോ. പാസ്റ്റർ വർഗീസ് ഫിലിപ്പ്, ജോസഫ് ജെംകണ്ടി, ഇ.ടി. ചെല്ലദുരൈ, ഫിജി ഫിലിപ്പ്, സാജൻ ജോയ്, എൻ.സി. ഫിലിപ്പ്, ബ്രദർ നോബിൾ എന്നിവർ വിവിധ സെക്ഷനുകളിൽ പ്രസംഗിക്കും. 16ന് രാവിലെ 10ന് ആരംഭിക്കുന്ന സമ്മേളനം 18ന് ഉച്ചയ്ക്ക് തിരുവത്താഴ ശുശ്രൂഷയോടെ സമാപിക്കും. കർണാടക ഐപിസി പ്രസിഡന്റ് പാസ്റ്റർ കെ.എസ്. ജോസഫ് സമാപനസന്ദേശം നൽകും. പാസ്റ്റർ ജോസ് മാത്യൂ അദ്ധ്യക്ഷനായിരിക്കും. തിരുവത്താഴ ശുശ്രൂഷ പാസ്റ്റർ റ്റി.ഡി. തോമസ് നിർവഹിക്കും. ദിവസവും വൈകിട്ട് 6 മുതൽ സുവിശേഷയോഗം നടക്കും. കർണാടകയുടെ വിവിധയിടങ്ങളിൽ നിന്നുമുള്ള അറുന്നൂറോളം ശുശ്രൂഷകർ പങ്കെടുക്കുന്ന സമ്മേളനത്തിന് പാസ്റ്റർമാരായ കെ.എസ്. ജോസഫ്, വർഗീസ് ഫിലിപ്പ്, ജോസ് മാത്യൂ എന്നിവർ നേതൃത്വം നൽകും.

# CHRISTIAN WORLD

Address
Christian World, Manganam P.O.,
Kottayam - 686 018, Kerala
Email: christianworldpathram@gmail.com
REG.NO:KERMAL/2006/17464
POSTAL REG. NO. KL/QN/341/2018-2020
POSTED ON 5TH OF EVERY MONTH
AT RMS KOLLAM

വില രൂ. 10/- Vol: 13 Issue No: 10 2018 October 1 Date of publication : first of Every Month വാർഷിക വരിസംഖ്യ 120 രൂപ


വാട്ട്സ്ആപ്പ് നുറുങ്ങുകൾ

# അനന്തപുരിയിലെ പത്ത് ഏക്കർ

വർഷങ്ങൾക്കു മുമ്പ് സാധു കൊച്ചുകുഞ്ഞ് ഉപദേശിയെ സർ സി.പിയുടെ കാലത്ത് സുവിശേഷം പ്രസംഗിച്ചതിന് ജയിലിൽ അടച്ചു. ജയിലിൽവെച്ച് അദ്ദേഹം ഇപ്രകാരം പാടി,

വണ്ണം പെരുത്താലും മണ്ണിനിരയാക്കും
കണ്ണിന്റെ ഭംഗിയും മായമായ
അയ്യോ അയ്യോ എന്നുള്ള അന്ത്യ സ്വരം
കേൾക്കിൽ
അയ്യോ എനിക്കൊന്നും വേണ്ട പാരിൽ.....

ജയിലും കൊട്ടാരവും ആരവാരവും ഒക്കെ കണ്ടപ്പോൾ താൻ വീണ്ടും പാടി..........

കൊട്ടാരമായാലും വിട്ടേ മതിയാകൂ
കോട്ടയക്കകത്തേക്കും മൃത്യു ചെല്ലും

തമ്പുരാട്ടി അമ്മ ഇത് കേട്ട് കൊണ്ട് അല്പനേരം നിന്നു. ആരാണ് ഈ പാട്ട് പാടിയതെന്ന് അന്വേഷിച്ചു, ഉപദേശിയെ വിളിപ്പിച്ചു. നിങ്ങൾ എങ്ങനെയാണ് ഇവിടെ വന്നതെന്ന് ചോദിച്ചു. സുവിശേഷം പ്രസംഗിച്ചതിന് ജയിലിൽ പിടിച്ചിട്ടിരിക്കുകയാണെന്ന് മറുപടി പറഞ്ഞു, താങ്കളാണോ ഈ പാട്ട് പാടിയതെന്ന് ചോദിച്ചു. അതെ ഞാൻ ജയിലിൽ കിടന്ന് എഴുതിയതാണ് എന്ന് പറഞ്ഞു, ഉടനേ സർ സി.പിയെ വിളിപ്പിച്ചു. എത്രയും പെട്ടെന്ന് ഈ ഭക്തനായ മനുഷ്യനെ ഇറക്കിവിടുവാൻ പറഞ്ഞു. മാത്രമല്ല ഇദ്ദേഹത്തെ ഇത്രയും ദിവസം ജയിലിൽ ഇട്ടതിന് പ്രായിശ്ചിത്തമായി തിരുവനന്തപുരത്ത് പത്ത് ഏക്കർ



സ്ഥലം നൽകുവാൻ കല്പിച്ചു, ഉടനെ ഉപദേശി ഇപ്രകാരം മറുപടി പറഞ്ഞു. എനിക്കു തരുമെന്ന് പറഞ്ഞിരിക്കുന്ന പത്ത് ഏക്കർ ഭൂമിയും വീടും സ്ഥലം ഇല്ലാത്ത പത്ത് പേർക്ക് നൽകിയിരിക്കുന്നു, ഇതാണ് ഭക്തന്റെ തത്ത്വം.

അയ്യോ എനിക്കൊന്നും വേണ്ട പാരിൽ എന്ന് പാടിയ ഉപദേശിക്ക് പത്ത് ഏക്കർ വേണ്ട, തേജസിന്റ പ്രത്യക്ഷതയിലെ ഉല്ലാസം കാംക്ഷിക്കുന്നവർക്ക് ഇവിടെ കുറേ ഏക്കർ എന്തിനാണ്, ഇന്നത്തെ ഉപദേശിമാരിൽ ചിലർ ഇപ്രകാരം പറയുമായിരുന്നു, 'സുവിശേഷം നിമിത്തം ഞാൻ ജയിലിലായി, ഇപ്പോൾ ദൈവം അനന്തപുരിയിൽ പത്ത് ഏക്കർ ഭൂമി നൽകി'

*(LJ)*

## ചർച്ച് ഓഫ് ഗോഡ് പ്രയർസെൽ ഡിപ്പാർട്ട്മെന്റ് പ്രവർത്തനം ആരംഭിച്ചു

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യാ കേരളാ സ്റ്റേറ്റ് പ്രയർസെൽ ഡിപ്പാർട്ട്മെന്റിന്റെ പ്രവർത്തനോദ്ഘാടനവും ഹൈറേഞ്ച് സോണൽ പ്രാർത്ഥനാസംഗമവും സെപ്റ്റംബർ 18നു ചപ്പാത്ത് ദൈവസഭയിൽ നടന്നു. പ്രയർസെൽ ഡയറക്ടർ പാസ്റ്റർ സജി ജോർജിന്റെ അദ്ധ്യക്ഷതയിൽ അഡ്മിനിസ്ട്രേറ്റിവ് അസിസ്റ്റന്റ് പാസ്റ്റർ വൈ. റജി ഉദ്ഘാടനം ചെയ്തു.

പ്രയർസെൽ ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ കേരളത്തിലെ വിവിധ സഭകളിലും ഏരിയാകളിലും മുഴുരാത്രി പ്രാർത്ഥനകളും, ഏകദിന പ്രാർത്ഥനാ സമ്മേളനങ്ങളും നടക്കും. ഒക്ടോബർ 18ന് രാവിലെ 10 മുതൽ വൈകിട്ട് 8.30 വരെ നിലമ്പൂർ പാത്തിപ്പാറ ദൈവസഭാഹാളിൽ പ്രാർത്ഥനാ സമ്മേളനം നടക്കും. മലബാർ സോണൽ ഡയറക്ടർ പാസ്റ്റർ ജോസഫ് ഇരിങ്ങാലക്കുട, പ്രയർ സെൽ ഡയറക്ടർ പാസ്റ്റർ സജി ജോർജ്, ഡിസ്ട്രിക്ട് പാസ്റ്റർമാർ, പ്രയർ ബോർഡ് അംഗങ്ങൾ എന്നിവർ സംബന്ധിക്കും.

വിവിധ എരിയാകളിൽ ഓവർസിയർ പാസ്റ്റർ സി.സി. തോമസിന്റെ അനുമതിയോടെ സോണൽ കോർഡിനേറ്റർമാരെ നിയമിച്ചു. പാസ്റ്റർ സന്തോഷ് തങ്കച്ചൻ (തിരുവനന്തപുരം), പാസ്റ്റർ ബിജുമോൻ ശാമുവേൽ (തിരുവനന്തപുരം സൗത്ത്), പാസ്റ്റർ ലാലി ഫിലിപ്പ് (കൊട്ടാരക്കര), പാസ്റ്റർ സാം ചന്ദ്രശേഖരൻ (പത്തനംതിട്ട), പാസ്റ്റർ ജോർജ് വർഗ്ഗീസ് (തിരുവല്ല), പാസ്റ്റർ ജോസഫ് ഡാനിയേൽ (കോസ്റ്റൽ), പാസ്റ്റർ പി.എ. രാജൻ (കോട്ടയം), പാസ്റ്റർ റ്റി.പി. മാത്യു (ഹൈറേഞ്ച്), പാസ്റ്റർ എബ്രഹാം സ്കറിയ (എറണാകുളം), പാസ്റ്റർ കുര്യൻ ഈപ്പൻ (കണ്ണൂർ), പാസ്റ്റർ ഷൈജൻ ഇ.ഡി. (മലബാർ), പാസ്റ്റർ ഇമ്മാനുവേൽ (മലബാർ സൗത്ത്), ഉമ്മൻ ജോൺ (മൂവാറ്റുപുഴ) എന്നിവരാണ് നിയമിക്കപ്പെട്ടവർ.



## പ്രകാശനം ചെയ്തു

**ഷാർജ:** 'മില്ലേനിയം ഫ്രണ്ട്സ് മിഷൻ' മാസിക പ്രകാശനം വർഷിപ് സെന്റർ കോളേജ് ഓഫ് തീയോളജിയിൽ ഒക്ടോബർ മൂന്നിനു ഡോ. വിൽസൺ ജോസഫ് നിർവഹിച്ചു. നിർവഹിച്ചു. മോൻസി നിരണം നേതൃത്വം നല്കി. റവ. ടിജോ തോമസ് മാസിക സദസിനു പരിചയപ്പെടുത്തി. ആന്റോ അലക്സ്, വിൽസൺ എന്നിവർ ആശംസകൾ അറിയിച്ചു.

## ക്രിസ്തുവിന്റെ ശിഷ്യർക്ക് ക്രൂശ് സേവനത്തിന്റെ അനുഭവമായിരിക്കണം: പാസ്റ്റർ വർഗീസ് മത്തായി

ആയൂർ: ക്രിസ്തുവിന്റെ ശിഷ്യർക്ക് ക്രൂശ് അടയാളമല്ല, സേവനത്തിന്റെ ഉദാത്തമായ അനുഭവമായിരിക്കണമെന്ന് ഐപിസി ആയൂർ ഡിസ്ട്രിക്ട് പ്രസിഡന്റ് പാസ്റ്റർ വർഗീസ് മത്തായി പറഞ്ഞു. പിവൈപിഎ ആയൂർ ഡിസ്ട്രിക്ട് പഠനസെമിനാറും ആത്മീകസംഗമവും ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ക്രൂശിനെയും മരണത്തെയും അതിജീവിച്ച് ഉയർത്തെഴുന്നേറ്റ ക്രിസ്തു ഓരോരുത്തരുടെയും ഹൃദയത്തിൽ വസിക്കണം. സ്നേഹത്തിലധിഷ്ഠിതമായ ക്രിസ്തുവിന്റെ ത്യാഗം ഉൾക്കൊണ്ട് മറ്റുള്ളവരുടെ നന്മയ്ക്കുവേണ്ടി സേവനം ചെയ്യണം, അദ്ദേഹം പറഞ്ഞു. പി.വൈ.പി.എ പ്രസിഡന്റ് പാസ്റ്റർ ജോർജ് രാജൻ അദ്ധ്യക്ഷത വഹിച്ചു.

"നിന്നിലുള്ള സ്നേഹ സമ്പന്നനായ ക്രിസ്തുവിനെ ലോകം അറിയട്ടെ"എന്ന വിഷയത്തെ ആസ്പദമാക്കി സുവി. ഷിബിൻ സാമുവേൽ പ്രബന്ധം അവതരിപ്പിച്ചു. പാസ്റ്റർ പി.ഐ ഏബ്രഹാം മോഡറേറ്റർ ആയിരുന്നു. സുവി. അജിഷ് ജോൺ, പാസ്റ്റർമാരായ എം.ജി. വർഗീസ്, കെ.ടി. ഫിലിപ്പ്, സാബു തോമസ്, ടി.സി. പാപ്പച്ചൻ എന്നിവർ ചർച്ചകൾക്ക് നേതൃത്വം നൽകി. പാസ്റ്റർ ആന്റണി ചാക്കോ സമാപന സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ സി.എസ്. സാംസൺ, സജീവ് കുമാർ, കെ. വേലായുധൻ, സുവി. ബോവസ് ജോൺ എന്നിവർ പ്രസംഗിച്ചു. ഡിസ്ട്രിക്ട് പി.വൈ.പി.എ ഗായകസംഘം സംഗീതശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.

## ഇറാഖി മുസ്ലിം കുടുംബം

(1-ാം പേജ് തുടർച്ച)

നിന്നും മാലിന്യങ്ങൾ തള്ളുന്നത് ശ്രദ്ധിക്കുകയായിരുന്നു. മാലിന്യങ്ങൾക്കിടയിൽ കിടന്ന രണ്ട് ക്രിസ്ത്യൻ കയ്യെഴുത്ത് ഗ്രന്ഥങ്ങളുടെ മൂല്യം മനസ്സിലാക്കിയ അദ്ദേഹം ആരും കാണാതെ അവ കൈവശം വയ്ക്കുകയും ചരിത്ര വിരോധികളായ ഇസ്ലാമിക് സ്റ്റേറ്റിന്റെ കൈകളിൽപ്പെടാതിരിക്കുവാൻ ജീവൻപോലും പണയം വച്ച് സംരക്ഷിക്കുകയുമായിരുന്നു. മൊസൂളിന്റെ മോചനത്തിനുശേഷമാണ് തന്റെ മുൻ അയൽപക്കക്കാരനായിരുന്ന ക്രിസ്ത്യാനിയോട് അദ്ദേഹം ഈ ഗ്രന്ഥങ്ങളുടെ കാര്യം വെളിപ്പെടുത്തിയത്.

ഒരു പുരോഹിതനെയോ വിശ്വസ്തനായ ഒരാളെയോ കണ്ടെത്തിയാൽ അവ കൈമാറാൻ തയ്യാറാണെന്ന്! അദ്ദേഹം അറിയിക്കുകയും ചെയ്തു. തുടർന്നാണ് അമൂല്യ നിധികൾ ഫാ. മെക്കോയുടെ കൈകളിൽ എത്തുന്നത്. അവ ലഭിച്ചപ്പോൾ തന്നെ, ഇസ്ളാമിക തീവ്രവാദികൾ തകർത്ത സിറിയൻ ഓർത്തഡോക്സ് ചർച്ച് ഓഫ് ദി ഇമ്മാക്കുലേറ്റ് ദേവാലയത്തിൽ നിന്നും മോഷ്ടിക്കപ്പെട്ടവ ഗ്രന്ഥങ്ങളാണെന്ന് തനിക്ക് മനസ്സിലായതായി ഫാ. മെക്കോ പറഞ്ഞു. അന്തോക്യൻ ഓർത്തഡോക്സ് സഭയിലെ പ്രഭാത, മധ്യാഹ്ന പ്രാർത്ഥനകളും ആചാരവിധികളുമാണ് ഗ്രന്ഥങ്ങളുടെ ഉള്ളടക്കമെന്നും അദ്ദേഹം വിവരിച്ചു.

നിരവധി മുസ്ലീങ്ങൾ ക്രൈസ്തവരെ തങ്ങളുടെ സഹോദരൻമാരെപ്പോലെയാണ് കാണുന്നതെന്നും, ക്രൈസ്തവർക്ക് വേണ്ടി ജീവൻ ഉപേക്ഷിക്കുവാൻ തയ്യാറാണെന്നും മുസ്ലീം കുടുംബനാഥൻ ഗ്രന്ഥങ്ങൾ തന്നെ ഏൽപ്പിച്ച ശേഷം തന്നോടു പറഞ്ഞതായും ഫാ. മെക്കോ വിവരിച്ചു. വൈദികന്റെ സംരക്ഷണത്തിലാണ് ഇപ്പോൾ ഈ അമൂല്യ ഗ്രന്ഥങ്ങൾ. ഏതാണ്ട് 4 വർഷക്കാലത്തോളം മൊസൂൾ നഗരം ഇസ്ലാമിക് സ്റ്റേറ്റിന്റെ നിയന്ത്രണത്തിൻ കീഴിലായിരുന്നു. ഇക്കാലയളവിൽ നിരവധി ദേവാലയങ്ങളും അമൂല്യഗ്രന്ഥങ്ങളുമാണ് തീവ്രവാദികൾ നശിപ്പിച്ചിട്ടുള്ളത്.

## സുവിശേഷ മഹായോഗം

കോലഞ്ചേരി: നെല്ലാട് ഐപിസി ശാലേം സഭയുടേയും കുറ്റിക്കോണം കവനന്റ് ഗോസ്പൽ മിനിസ്ട്രിയുടേയും ആഭിമുഖ്യത്തിൽ തട്ടാംമുകൾ ബ്രദർ മനോജിന്റെ ഭവനാങ്കണത്തിൽ നവംബർ 5,6 തീയതികളിൽ വൈകിട്ട് 6 മുതൽ സുവിശേഷയോഗം നടക്കും. പാസ്റ്റർമാരായ സാജു സോളമൻ, ജോർജ് പുതുമന എന്നിവർ പ്രസംഗിക്കും. പാസ്റ്റർമാരായ സജി, സോമച്ചൻ, ബ്രദർ മനോജ് എന്നിവർ നേതൃത്വം നൽകും.

## പാസ്റ്റർമാരെ ആക്രമിച്ച കേസിലെ മുഖ്യപ്രതി അറസ്റ്റിൽ

കൊടുങ്ങല്ലൂർ: പാസ്റ്റർമാരെ ആക്രമിച്ച കേസിലെ മുഖ്യപ്രതിയായ ഗോപിനാഥനെ (33) പോലീസ് അറസ്റ്റ് ചെയ്തു. എടവിലങ്ങ് സ്വദേശിയായ ഇദ്ദേഹം ഹിന്ദു ഹെൽപ് ലൈൻ പ്രവർത്തകനാണ്.



കൊടുങ്ങല്ലൂരിൽ പാസ്റ്റർമാരെ ആക്രമിക്കുന്ന വീഡിയോ സമൂഹ മാധ്യമങ്ങളിൽ പ്രചരിക്കുകയും പെന്തെക്കോസ്തു വിശ്വാസികളും നേതാക്കളും ശക്തമായി അപലപിക്കുകയും ചെയ്തിരുന്നു.

ജൂണിലായിരുന്നു കേസിനാസ്പദമായ സംഭവം നടന്നത്. മേത്തല വി.പി. തുരുത്തിൽവെച്ച് ഇരിഞ്ഞാലക്കുട ചെട്ടിപ്പറമ്പ് ഏബ്രഹാം തോമസിനെയും രണ്ട് സഹപ്രവർത്തകരെയും റോഡരികിൽ തടഞ്ഞുനിർത്തി ആക്രമിച്ച പ്രതിയും കൂട്ടാളിയും രംഗങ്ങൾ മൊബൈൽ ക്യാമറയിൽ പകർത്തി സമൂഹമാധ്യമങ്ങളിൽ പ്രചരിപ്പിക്കുകയായിരുന്നു.

കുറ്റക്കാർക്കെതിരെ ശക്തമായ അന്വേഷണം നടത്തി നടപടി ഉണ്ടാകുമെന്ന് ഗവണ്മെന്റ് ഉറപ്പു നൽകിയിരുന്നു. മുഖ്യപ്രതിയായ ഗോപിനാഥൻ ഇതേത്തുടർന്ന് ഒളിവിലായിരുന്നു.

പ്രതിയുടെ കൂട്ടാളിയെ നേരത്തെതന്നെ അറസ്റ്റ് ചെയ്തിരുന്നു. സിഐ പി.സി. ബിജുകുമാറിന്റെ നേതൃത്വത്തിലുള്ള സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്.

Printer, Publisher, owner & Edited by Sam T. Mukathala, Thenguvila House, Alummood P.O.,Kollam- 691 577. Ph: 0474-2708197. Printed at Cochin Printech for Mulamoottil Offset Printers, Minerva-Chenthra road, Kottarakkara Published at Alummoode, Kollam. Editor: D.Kunjumon Pothancode